# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 30** **June 2016** **No.3**

# *എഡിറ്റോറിയൽ*

ഉൽസവങ്ങൾ, ആഘോഷങ്ങൾ, പെരുന്നാളുകൾ എന്നിവ ആളുകൾ നടത്തുന്നത് വിനോദത്തിനോ രസത്തിനോ ആയിരിക്കാം. അവ ഏതെല്ലാം രീതിയിൽ കൗതുകകരമാക്കാമോ ആ രീതിയിലെല്ലാം സംഘാടകർ അവയെ മോടി പിടിപ്പിക്കും. കലാപരിപാടികളായ ഗാനമേള, നാടകം, നൃത്തം എന്നിവയെല്ലാം അവയോടനുബന്ധിച്ച് നടത്തും. ഉദ്ദേശം ആളുകളെ ആകർഷിക്കുക എന്നതാണ്. അതിന്റെ വിജയത്തിനായി പണപ്പിരിവ് നടത്തും. അതുകൂടാതെ പ്രദക്ഷിണം, രാത്രി വെടിക്കെട്ട് എന്നിവയും നടത്തി വരുന്നു. വർഷങ്ങൾ കഴിയുന്തോറും അവയുടെ രൂപവും ഭാവവും മാറും. ഇതെല്ലാം നടത്തുന്നത് ലൗകികതയുടെ പേരിലായാലും മതത്തിന്റെ പേരിലായാലും അവയുടെ ദോഷഫലങ്ങൾ എല്ലാവരും മനസിലാക്കണം. ഗുണമെന്താണെന്ന് വെച്ചാൽ കുറെ പേർക്ക് അവ കച്ചവടമാണ്. മനുഷ്യന്റെ ജഡികമായ താൽപര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന യാതൊന്നും ഒരു ദൈവത്തിനും പ്രസാദമാകുകയില്ല എന്നു നാം തിരിച്ചറിയണം. കൗതുകകരമെന്നോ ഇമ്പമെന്നോ ഇവർ പറയുന്ന കാര്യങ്ങൾ പലതും വെറിക്കുത്തുകളാണ്.

വെടിക്കെട്ടുകൾ ആളുകളുടെ ജീവൻ അപഹരിക്കുന്നവ തന്നെയാണ്. അപകടങ്ങൾ വരുത്തിവെക്കുന്നതും പാഴ്ച്ചെലവുമാണ്. ഇത്തരം നശീകരണ വസ്തുക്കൾ ഉണ്ടാക്കുകയും വിൽക്കുകയും ചെയ്യുന്നത് ഒരിക്കലും പ്രോൽസാഹിപ്പിക്കരുത്. മനുഷ്യന്റെ നിലനിൽപിനെ തന്നെ ഇല്ലാതാക്കുന്ന ഏതൊരു വ്യാപാരമായാലും അത് തെറ്റു തന്നെയാണ്. കഞ്ചാവ്, കൃഷി ചെയ്യുന്നത് തടയുന്നതുപോലെ, മദ്യം ഉണ്ടാക്കി വിൽക്കു

ന്നതു തടയുന്നതുപോലെ അവയും കുറ്റകരമാണ്. അതു മൂലം എന്തെല്ലാം ദുരിതങ്ങളാണ് ആളുകൾക്ക് നേരിട്ടത്? എത്രയെല്ലാം അനുഭവങ്ങൾ സംഭവിച്ചാലും ആളുകൾ പഠിക്കുകയില്ല. തൽക്കാലത്തേക്ക് അത് ആളുകളെ ഭീതിയിലാക്കും. കുറെ കഴിയുമ്പോൾ ആളുകൾ അത് മറന്നുകളയും. ഭൗതികമായി പുറമെ കാണുന്നതും കേൾക്കുന്നതുമായ ഇത്തരം കൗതുകങ്ങൾക്ക് പ്രാധാന്യം കൊടുക്കാതെ ക്രിയാത്മകവും ഉപകാരപ്രദവുമായ പ്രവർത്തനങ്ങൾ സാമൂഹ്യനന്മക്കായി നടത്തണം. കാണികൾക്കും സംഘാടകർക്കും ഒരുപോലെ നിശ്ചയദാർഢ്യത്തോടെ തീരുമാനം എടുക്കുവാൻ കഴിയണം. പള്ളികളിലായാലും ക്ഷേത്രങ്ങളിലായാലും ഇത്തരം ദോഷകരമായ പ്രവൃത്തികൾ ഒരിക്കലും ഭൂഷണമല്ല. കരുതിക്കൂട്ടി ചെയ്യുന്ന നിഷ്പ്രയോജനകരവും അപകടകരവുമായ ഏതൊന്നായാലും മനുഷ്യസമൂഹത്തിൽനിന്നു തുടച്ചുമാറ്റണം.

രാഷ്ട്രീയത്തിന്റെ പേരിലോ മതത്തിന്റെ പേരിലോ നടത്തുന്ന പ്രദക്ഷിണങ്ങൾ അപകടമുണ്ടാക്കുന്നതും മറ്റുള്ളവർക്ക് ദ്രോഹവുമാണ്. ഇത്തരം പ്രദക്ഷിണങ്ങൾ എന്തിനു വേണ്ടിയാണ് നടത്തുന്നത്? അത് ആനകളെ എഴുന്നെള്ളിച്ച് നടത്തുന്നത് ഒരു ഫാഷനായി തീർന്നിട്ടുണ്ട്. എത്രയോ തവണ എത്രയോ സ്ഥലങ്ങളിൽ ആന വിരണ്ട് ആളുകൾക്ക് പരിക്ക് പറ്റുകയും ജീവഹാനി സംഭവിക്കയും ചെയ്തിട്ടും അവ ഒഴിവാക്കുവാൻ ആളുകൾ ശ്രമിക്കാത്തത് എന്നെ അതിശയിപ്പിക്കുന്നു. പള്ളികളിലായാലും ക്ഷേത്രങ്ങളിലായാലും നാം ചെയ്യുന്നത് മറ്റുള്ളവർക്ക് ഗുണകരമായിരിക്കണം. മറ്റുള്ളവരുടെ സഞ്ചാര സ്വാതന്ത്ര്യത്തെ തടസപ്പെടുത്തി പ്രദക്ഷിണം നടത്തുന്നത് ദൈവത്തിന് പ്രസാദമാകുകയില്ല എന്നു മാത്രമല്ല. അതു മൂലം ദൈവകോപം ഉണ്ടാകും എന്ന കാര്യം മറക്കരുത്.

ആകയാൽ പ്രിയരേ, ആഘോഷങ്ങളും, ഉൽസവങ്ങളും, പെരുന്നാളുകളും നടത്തുമ്പോൾ അവ മറ്റുള്ളവർക്ക് എങ്ങനെ ഗുണകരമാക്കാം എന്നാണ് ചിന്തിക്കേണ്ടത്. അക്രമം, പിടിച്ചുപറി, മോഷണം, കുലപാതകം തുടങ്ങിയ അനവധി പാപങ്ങൾക്ക് വഴി തെളിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുവാൻ പ്രബുദ്ധരായ ആളുകൾ തയ്യാറാകണം. നമ്മുടെ കാലയളവിൽ നമുക്ക് ആളുകളെ ബോധവൽക്കരിച്ച് സന്മാർഗ പാതയിൽ ആത്മികമായ ചിന്താധാരയിലേക്ക് തിരിച്ച് വിടാം, യേശുക്രിസ്തു പഠിപ്പിച്ച ഉപദേശങ്ങളാണ് മനുഷ്യ നന്മക്ക് അനിവാര്യം. സകല മനുഷ്യരും കർത്താവിനെ ഭയപ്പെട്ട് അവന്റെ കൽപനകൾ അനുസരിച്ച് ജീവിച്ചാൽ അതുമൂലം ദുരന്തങ്ങൾ ഉണ്ടാകുകയില്ല.

✶

# ക്രിസ്തീയ ജീവിതം

## *J.C.* ചോട്ട്

ഏതൊരു മനുഷ്യനും അത് സ്ത്രീയായാലും പുരുഷനായാലും ഈ ഭൂമിയിൽ ജനിച്ചുകഴിഞ്ഞാൽ ജീവിക്കുകയാണ്. അത് ഭൗതികമായ ജീവിതമാണ്. ഒരു ശിശു ജനിക്കുന്ന ഭവനത്തിന്റെ മതമേതോ അതിൽ വളരുന്നു, ജാതിയേതോ അതിൽ ജീവിക്കുന്നു. ശിശുക്കൾ തങ്ങളുടെ മാതാപിതാക്കളെ ആശ്രയിച്ച് കഴിയുന്നതുകൊണ്ട് അവർ വിധേയപ്പെട്ട് അവയെല്ലാം ശരിയാണെന്ന വിശ്വാസത്താൽ അവർക്കൊപ്പം ചലിക്കുകയാണ്. കുട്ടികൾ വീട്ടിൽനിന്നു സ്കൂളുകളിൽ പോകുമ്പോൾ അവർ അവിടെ നിന്നു പലതും കേട്ടു പഠിക്കുന്നു. അദ്ധ്യാപകരിൽനിന്നും കുട്ടികളിൽനിന്നുമാണ് അവർ പല കാര്യങ്ങളും മനസിലാക്കുന്നത്. അത് വീട്ടിൽ ചെന്നു പങ്കിടുകയും ചെയ്യും. അവ ഒരുപക്ഷെ ബാലിശമായി മാതാപിതാക്കൾ തള്ളിക്കളഞ്ഞേക്കാം. കുട്ടികളുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും അവർക്ക് പുറത്തുനിന്നു ലഭിക്കുന്ന അറിവ് അവരെ സ്വാധീനിക്കും എന്ന് മാതാപിതാക്കൾ തിരിച്ചറിയണം. അത് ഒരുപക്ഷെ നല്ല രീതിയിലാകാം അല്ലെങ്കിൽ മോശമായിട്ടാകാം.

എന്താണ് വാസ്തവത്തിൽ ക്രിസ്തീയ ജീവിതം? ആർക്കെങ്കിലും അങ്ങനെ ജീവിക്കുവാൻ കഴിയുമോ? അതിന്റെ ഉദ്ദേശം എന്താണ്? അതെത്രമാത്രം നീണ്ടുനിൽക്കും? അതുകൊണ്ട് എന്തു പ്രയോജനമാണ് എനിക്ക് ലഭിക്കുന്നത്? ഈ വിധത്തിലുള്ള പല ചോദ്യങ്ങളും ചോദിച്ചാൽ അതിന് ശരിയായ ഉത്തരം ലഭിക്കുമെങ്കിൽ അതാണ് നമുക്ക് ആവശ്യം. ദൈവം മനുഷ്യനായി അവതരിച്ച് മനുഷ്യപുത്രനും ദൈവപുത്രനുമായി യേശു ഭൂമിയിൽ ജീവിച്ചു എന്നതു ഒരു ചരിത്ര സംഭവമായിരുന്നു. ദൈവത്തെ പ്രസാദിപ്പിച്ച് മനുഷ്യർക്കിടയിൽ ഒരു യഥാർത്ഥ മനുഷ്യനായി എങ്ങനെ ജീവിക്കാമെന്ന് ക്രിസ്തു കാണിച്ചു തന്നു. പിശാചിന്നോ സാധാരണ മനുഷ്യർക്കോ മതാദ്ധ്യക്ഷന്മാർക്കോ അവനെ സ്വാധീനിക്കുവാൻ കഴിഞ്ഞില്ല. അവൻ പാപം ഒന്നും ചെയ്യാതെയാണ് ജീവിച്ചത്. അവന്റെ വായിൽ വഞ്ചന ഒന്നുമില്ലായിരുന്നു. മനുഷ്യർ തരംതാഴ്ത്തിയിട്ടിരുന്ന ഒരു കുലത്തിലായിരുന്നു അവന്റെ അസാധാരണമായ ജനനം. എന്നാൽ

അവന്റെ ബാല്യം മാതാപിതാക്കൾക്ക് പ്രയോജനപ്രദമായി അവൻ നയിച്ചു. ക്രിസ്തീയ ജീവിതം എന്നു പറയുന്നത് ജീവിതത്തിനുള്ള ഏക മാർഗമാണ്. ക്രിസ്തു ലോകത്തിൽ വന്ന് മനുഷ്യരോട് തന്നെ അനുഗമിക്ക എന്നു പറഞ്ഞു. വാസ്തവത്തിൽ അവനെ അനുഗമിക്കുന്നത് എങ്ങനെ എന്ന് അവൻ പഠിപ്പിച്ചു. വിശ്വാസത്തിൽ അധിഷ്ഠിതമാണ് ഈ ജീവിതം. ദൈവത്തെയും അവന്റെ വചനത്തെയും അന്യോന്യവും വിശ്വസിക്കുവാനാണ് ദൈവം ആവശ്യപ്പെടുന്നത്. വിശ്വാസമാണ് അനുസരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. നാം കർത്താവിൽ വിശ്വസിക്കുകയാണെങ്കിൽ അവന്റെ കൽപനകളെ അനുസരിക്കുവാൻ പ്രയാസം ഉണ്ടാകുകയില്ല. അവന്റെ കൽപനകൾ ഒന്നും ഭാരമുള്ളവയല്ല. ക്രിസ്തീയ ജീവിതത്തിന്റെ അർത്ഥം നാം മനസിലാക്കി ജീവിച്ചാൽ നാം ദൈവത്താൽ അനുഗ്രഹീതരായി തീരും.

വിശ്വാസം ഉൾപ്പെടുന്ന ക്രിസ്തീയ ജീവിതം ഒരു ദിശാബോധം നമുക്ക് നൽകുന്നു. ലക്ഷ്യബോധം ഇല്ലാതെയാണ് പലരും ജീവിക്കുന്നത്. എവിടെ നിന്നു വരുന്നു എന്നോ, ഇവിടെ എന്തു ചെയ്യണമെന്നോ, ഭാവിയിൽ എവിടെ എത്തണമെന്നോ ഉള്ള അറിവ് നൽകുന്നതാണ് ക്രിസതീയ ജീവിതം.ദൈവം ഉണ്ടെന്നും തന്നെ അന്വേഷിക്കുന്നവർക്ക് അവൻ പ്രതിഫലം നൽകുന്നു എന്നും എല്ലാവരും വിശ്വസിക്കേണ്ടതാണ്. വിശ്വാസം ഓരോരുത്തരുടെ ഹൃദയത്തിൽനിന്നാണ് ഉത്ഭവിക്കേണ്ടത്. അത് ദൈവ വചനം കേട്ട് ഗ്രഹിച്ചിട്ട് വേണമെന്നും വചനം പറയുന്നു. അതല്ലാതെയുള്ള വിശ്വാസം ദൈവം സ്വീകരിക്കുന്നില്ല. വിശ്വാസത്താലല്ലാതെ നമുക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല (എബ്രായർ 11:6). ദൈവത്തിലും അവൻ അയച്ച ക്രിസ്തുവിലും നാം വിശ്വസിക്കണം. അവൻ അങ്ങനെയുള്ളവൻ എന്നു നാം വിശ്വസിച്ചില്ല എങ്കിൽ നാം നമ്മുടെ പാപങ്ങളിൽ മരിക്കും എന്നാണ് കർത്താവ് മുന്നറിയിച്ചിരിക്കുന്നത് (യോഹന്നാൻ8:24). ഒരാൾ യേശു എന്ന ഏക രക്ഷിതാവിനെ വിശ്വസിക്കയും അവന്റെ കൽപനകൾ അനുസരിച്ച് അവനെ അനുഗമിക്കയും വേണം. എങ്കിൽ മാത്രമെ നമുക്ക് ക്രിസ്തുവിനായി ജീവിക്കുവാൻ കഴിയു.

ക്രിസ്തുവിനെ നാം സ്നേഹിക്കുകയാണെങ്കിൽ അവന്റെ കൽപനകളെ നാം പാലിക്കാതിരിക്കുകയില്ല. അവന്റെ വചനമാണ് നമ്മെ

ജീവിപ്പിക്കുന്നത്. ക്രിസ്ത്യാനിയായി തീരുവാൻ നാം ക്രിസ്തുവിനെ അനുസരിക്കേണ്ടത് ആവശ്യമാണ്. നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സുവിശേഷം പ്രസംഗിപ്പിൻ എന്നും ഞാൻ നിങ്ങളോട് കൽപിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ എന്നു കർത്താവ് ശിഷ്യന്മാരോട് കൽപിച്ചിരുന്നു (മർക്കൊസ് 16:15, 16). പത്രൊസിന്റെ ആദ്യ സുവിശേഷ പ്രസംഗം കേട്ട യെഹൂദന്മാർ അവനോട് ചോദിച്ചത് ഞങ്ങൾ എന്തു ചെയ്യേണം എന്നായിരുന്നു. പത്രൊസ് അതിന് മറുപടിയായി പറഞ്ഞത് നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് യേശുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ എന്നായിരുന്നു (പ്രവൃത്തികൾ 2:38). അവന്റെ കൽപനയായ സ്നാനം ഏറ്റവർ അവനെ അനുസരിക്കുകയായിരുന്നു. അങ്ങനെ അവർ ക്രിസ്ത്യാനികളായി തീരുകയും ചെയ്തു.

അനുസരണം അതിൽ ഒതുങ്ങുന്നില്ല. വിശ്വാസം മരണത്തോളം ആവശ്യപ്പെടുന്നതുപോലെ അനുസരണവും മരണത്തോളം ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നു. നാം വചനം കേൾക്കുക മാത്രം ചെയ്തു നമ്മെത്തന്നെ ചതിക്കാതെ അത് അങ്ങനെ തന്നെ ചെയ്യുന്നവരായും ഇരിപ്പിൻ (യാക്കൊബ് 1:22). ദൈവമക്കൾ അനുസരണത്തിന്റെ മക്കളാകുവാനാണ് പഠിപ്പിച്ചിരിക്കുന്നത്. ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരാണ് ക്രിസ്ത്യാനികൾ. അതായത് യേശുവിന്റെ മരണത്തോടും അടക്കത്തോടും ഉയർപ്പിനോടും ഏകീഭവിച്ചവരാണ് എന്നർത്ഥം. അത് അന്തിമമായ ഒരു യാഗമായിരുന്നു, ദൈവം അതിൽ പ്രസാദിക്കയും ചെയ്തു. ഒരിക്കൽ എന്നേക്കുമായി ക്രിസ്തു ഒരു രക്ഷാപദ്ധതി ഒരുക്കി. പാപമാണ് മനുഷ്യരെ തകർത്തിരുന്നത്. ആ പാപത്തിൽനിന്നും അതിന്റെ ശിക്ഷയായ മരണത്തിൽനിന്നും മനുഷ്യർക്ക് ഒരു മോചന വഴിയാണ് കർത്താവ് രൂപപ്പെടുത്തിയത്. ക്രിസ്തുവിനോട് ചോരുവാൻ സ്നാനം ഏൽക്കുന്നവർ ക്രിസ്തുവിനെ ധരിക്കുകയാണ്. അവന്റെ സ്വഭാവം ദൈവികമാണ്. നമ്മുടെ സ്വഭാവമാണ് നമ്മുടെ ജീവിതത്തെ നയിക്കുന്നത്. ക്രിസ്തുവിനെ സ്വീകരിക്കുന്നവർ സഹ ക്രിസ്ത്യാനികളെയും സ്വീകരിക്കും. മനുഷ്യരോ വെറുത്ത് ദൈവത്തെ സ്നേഹിപ്പാനോ, മനുഷ്യരെ മാറ്റി നിർത്തി ദൈവത്തെ പ്രസാദിപ്പിക്കുവാനോ കഴിയുകയില്ല.

ദൈവമക്കളായി ജീവിക്കുവാനാണ് നമ്മുടെ പിതാവ് നമ്മെ പുതു സൃഷ്ടികളാക്കിയിരിക്കുന്നത്. ഈ ലോകത്ത് ജീവിക്കുന്നവർ ഒന്നുകിൽ ദൈവത്തിന്റെ മക്കൾ അല്ലെങ്കിൽ പിശാചിന്റെ മക്കൾ. ക്രിസ്തുവിനെ കൂടാതെയുള്ള ജീവിതം അപക്വവും തികവില്ലാത്തതുമായിരിക്കും കാരണം മനുഷ്യന്നു തന്റെ വഴിയും നടക്കുന്നവന്നു തന്റെ കാലടികളും നേരെയാക്കുന്നതും സ്വാധീനമല്ല (യിരെമ്യാവ് 10:23). വിശുദ്ധമായി ജീവിക്കേണ്ട ജീവിതമാണ് ക്രിസ്തീയ ജീവിതം. സ്വന്ത ഇഷ്ടത്തെ മാറ്റി ദൈവേഷ്ടത്തിന് പൂർണ്ണമായി ഏൽപിച്ചുകൊടുക്കേണ്ട ഒന്നാണ്. സമർപ്പിക്കപ്പെട്ടതും അല്ലാത്തതുമായ ജീവിതം കാണുമ്പോൾ തന്നെ നമുക്ക് അറിയാം. ഒന്നാം നൂറ്റാണ്ടിൽ ക്രിസ്തീയ ജീവിതം എന്താണോ പുറപ്പെടുവിച്ചത്, അത് തന്നെയാണ് ഈ കാലയളവിലും സംഭവിക്കുന്നത്. മനുഷ്യ നിർമ്മിത മതങ്ങളെയും നാമധേയ വിഭാഗങ്ങളെയും ഉപേക്ഷിച്ച് ക്രിസ്തുവിന്റെ സുവിശേഷം ഹൃദയപൂർവ്വം അനുസരിക്കുന്നവരാണ് ക്രിസ്ത്യാനികൾ. അവർ തങ്ങളുടെ വിശ്വാസവും, അനുസരണവും, ആരാധനയും, പരിശീലനവും വചനപ്രകാരം ആയിരിക്കും നിലനിർത്തുക.

സഹോദരങ്ങൾ തമ്മിലുള്ള ഐക്യത ദൈവം ആഗ്രഹിക്കുന്നതാണ്. ക്രിസ്തു അവസാനം പ്രാർത്ഥിച്ചതും അതിനായിരുന്നു. അന്ന് ഒരു നാമധേയ വിഭാഗത്തോടും ചേരാതെ കർത്താവിന്റെ ശരീരത്തോട് ബന്ധപ്പെട്ട് അപ്പൊസ്തലന്മാരുടെ ഉപദേശരൂപത്തെ മാത്രം അനുസരിച്ച് ജീവിച്ചതുപോലെ ഇന്നും നമുക്ക് ജീവിക്കുവാൻ സാധ്യമല്ലേ? തീർച്ചയായും കഴിയും. ഒരിക്കലും കെട്ടുപോകാത്തതും എന്നേക്കും നിലനിൽക്കുന്നതുമായ കൃപയുടെ വചനമാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം. ലോകം മുഴുവൻ ആയിരക്കണക്കിന് കർത്താവിന്റെ സഭയുടെ ഇടവകകൾ നിറഞ്ഞിരിക്കുന്നതായി കാണാം. അവരെല്ലാവരും ജീവിതത്തിനും ആരാധനക്കും സ്വീകരിച്ചിരിക്കുന്ന മാർഗം ഒന്നു തന്നെയാണ് (1 കൊരിന്ത്യർ 1:10, 11). കർത്താവ് പണിതത് ഏക സഭയാണ്. അവൻ ആണ് സഭയുടെ തല (കൊലൊസ്യർ 1:18). ക്രിസ്ത്യാനികൾ ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ അപ്പം നുറുക്കുവാൻ കൂടിവരികയും പാട്ടുപാടുകയും, പ്രാർത്ഥിക്കുകയും വചനം പഠിക്കുകയും, നൽകുകയും ചെയ്യും.

✶

# പിതാക്കന്മാരെയും സഹോദരന്മാരെയും പോലെ ആകരുത്

## റോബർട്ട് ബാൾ

നമ്മുടെ പൂർവ്വപിതാക്കന്മാരിൽ പലരും ചെയ്ത നിഷേധ പ്രവൃത്തികൾ പോലെയുള്ള പ്രവൃത്തികൾ നാം ചെയ്യരുത് എന്ന ബുദ്ധിയുപദേശം നമുക്ക് നൽകപ്പെട്ടിരിക്കുന്നു. അതേ സമയം അവർ ചെയ്ത നല്ല പ്രവൃത്തികളെ നാം പിൻപറ്റുകയും വേണം. പിതാക്കന്മാരിൽ ചിലർ ദൈവത്തോട് മൽസരിച്ചിരുന്നു. വേറെ ചിലർ ദൈവത്തിൽനിന്നും അകന്നു അന്യ ദേവന്മാരെ വണങ്ങുന്നതിലേക്ക് തിരിയുകയും ദൈവത്തിന്റെ വലിയ ശിക്ഷ അനുഭവിക്കയും ചെയ്തിരുന്നു. ദൈവം കൊടുത്ത ചട്ടങ്ങളും വിധികളും പാലിക്കാതെ അനുസരണക്കേടിൽ അകപ്പെട്ടവർ അന്യദേശത്ത് അടിമത്വത്തിൽ ജീവിക്കുവാനിടയായി. അങ്ങനെ അവർ അനുഭവിച്ച കഷ്ടതയും ഉപദ്രവവും നിമിത്തം അവർ ദൈവത്തോട് അപേക്ഷിച്ചപ്പോൾ ദൈവം അവരെ അതിൽനിന്ന് വിടുവിച്ചു. ദൈവമക്കളായി ജീവിക്കുവാൻ അവരെ ദൈവം തിരഞ്ഞെടുത്തിരുന്നു. വേറൊരു ജാതിയേയും ദൈവം അങ്ങനെ പ്രത്യേകമായി വേർതിരിച്ചിരുന്നില്ല.

യിസ്രായേൽ ജനം വിഭജിക്കപ്പെട്ട കാലയളവിൽ അവരുടെ ആത്മീയ ജീവിതം താഴ്ന്നും ഉയർന്നും അനുഭവപ്പെട്ടിരുന്നു. വാണുകൊണ്ടിരുന്ന രാജാവിന്റെ വാഴ്ച്ച അവരെ ആത്മിയമായി ബാധിച്ചിരുന്നു എന്നു പറയാതിരിക്കുവാൻ നിർവ്വാഹമില്ല. അങ്ങനെ വന്നപ്പോൾ ദൈവം പ്രവാചകന്മാർക്ക് നൽകിയ വചനത്തോട് അവർക്ക് ബന്ധമില്ലാതെ രാജാവിനോട് ചേർന്നു ജീവിതം നയിക്കുവാൻ തുടങ്ങി. അത് അവരെ ദൈവത്തിൽനിന്നും അകറ്റി. ആമോസിനോട് അഹസ്യാവ് പറഞ്ഞത്, എടോ ദർശകാ യെഹൂദാ ദേശത്തേക്ക് ഓടിപൊയ്കൊൾക; അവിടെ പ്രവചിച്ച് അഹോവൃത്തി കഴിച്ചുകൊൾക. ബേഥേലിലോ ഇനി പ്രവചിക്കരുത്. അത് രാജാവിന്റെ വിശുദ്ധമന്ദിരവും രാജധാനിയുമല്ലൊ എന്നു പറഞ്ഞു(ആമോസ് 7:12, 13). .യെശയ്യാ പ്രവാചകനോട് ദൈവം അരുളിച്ചെയ്തത് എന്തെന്നാൽ, നീ ചെന്ന് വരുങ്കാലത്തേക്ക് ഒരു ശാശ്വത നിയമമായിരിക്കേണ്ടതിന്ന് അവരുടെ മുമ്പാകെ അതിനെ ഒരു പലകയിൽ എഴുതി

ഒരു രേഖയായി കുറിച്ചുകൊൾക. അവർ മൽസരമുള്ളോരു ജനവും ഭോഷ്ക്ക് പറയുന്ന മക്കളും യഹോവയുടെ ന്യായപ്രമാണം അനുസരിക്കാത്ത സന്തതിയുമല്ലൊ അവർ ദർശകന്മാരോട് ദർശിക്കരുത്, പ്രവാചകന്മാരോട്, നേരുള്ളത് ഞങ്ങളോട് പ്രവചിക്കരുത്. മധുരവാക്ക് ഞങ്ങളോട് സംസാരിപ്പിൻ; വ്യാജ വാക്ക് ഞങ്ങളോട് സംസാരിപ്പിൻ. വഴി വിട്ടു നടപ്പിൻ, വഴി തെറ്റി നടപ്പിൻ. വ്യാജങ്ങളെ പ്രവചിപ്പിൻ. യിസ്രായേലിന്റെ പരിശുദ്ധനെ ഞങ്ങളുടെ മുമ്പിൽനിന്നു നീങ്ങുമാറാക്കുവിൻ എന്നു പറയുന്നു (യെശയ്യാവ് 30:8-11).

യിസ്രായേൽ രാജ്യം വിഭജിക്കപ്പെട്ട കാലയളവിലും വടക്കൻ രാജ്യത്തിലേയും തെക്കൻ രാജ്യത്തിലേയും പല രാജാക്കന്മാർ ദുഷ്പ്രവൃത്തികൾ ചെയ്തിരുന്നതായി നമുക്ക് കാണുവാൻ കഴിയും. ദൈവമക്കൾക്ക് ഭൗതികമായ ഒരു രാജാവ് വേണമെന്ന് ദൈവം ആഗ്രഹിച്ചിരുന്നില്ല. ജനത്തിന്റെ നിർബ്ബന്ധം നിമിത്തമായിരുന്നു ദൈവം അതിന് അനുവദിച്ചത്. അങ്ങനെ രാജാക്കന്മാർ ദൈവത്താൽ അഭിഷിക്തരുമായിരുന്നു. എന്നിട്ടും അവർ ദൈവത്തിന് കീഴ്പ്പെട്ട് ഭരിച്ചിരുന്നില്ല. എന്നാൽ ദൈവ ദൃഷ്ടിയിൽ നല്ലവരായി ചില രാജാക്കന്മാരും ഉണ്ടായിരുന്നു. അവരിൽ രണ്ട് പേരായിരുന്നു ഹിസ്ക്കിയാവും (2 രാജാക്കന്മാർ 18:1-20) യോശിയാവും (2 രാജാക്കന്മാർ 22:1-30). യെരുശലേമിൽ ആലയത്തിലെ ആരാധന പുനഃസ്ഥാപിച്ച വ്യക്തിയായിരുന്നു ഹിസ്ക്കിയാവ് (2 ദിനവൃത്താന്തം 29:20-36). അബ്രഹാമിന്റേയും യിസഹാക്കിന്റേയും യിസ്രായേലിന്റേയും ദൈവമായ യഹോവയിലേക്ക് ജനത്തെ മടക്കി വരുത്തുവാൻ അവൻ എഴുത്തുമായി യിസ്രായേലിലേക്കും യെഹൂദായിലേക്കും അയച്ചിരുന്നു എല്ലാവരും യെരുശലേം ദൈവാലയത്തിൽ വന്ന് പെസഹ ആചരിക്കണമെന്ന് അവൻ എഴുത്തിൽ ആവശ്യപ്പെട്ടിരുന്നു (2 ദിനവൃത്താന്തം 30:1-20).

ഞാൻ വിശ്വസിക്കുന്നത് പ്രാധാന്യമുള്ളതാകയാൽ യിസ്രായേൽ മക്കൾ എല്ലാവരും അത് ഓർമ്മിക്കേണ്ടതാണെന്നും ഹിസ്ക്കിയാവ് എഴുത്തിൽ പറഞ്ഞിരുന്നു. ഇന്ന് ക്രിസ്ത്യാനികൾ പഠിക്കുവാൻ പ്രയോജനപ്രദമായ ചില കാര്യങ്ങൾ അന്ന് ഹിസ്ക്കിയാവ് അയച്ച എഴുത്തിലുണ്ടായിരുന്നു. "തങ്ങളുടെ ദൈവമായ യഹോവയോട് അകൃത്യം ചെയ്ത നിങ്ങളുടെ പിതാക്കന്മാരെയും നിങ്ങളുടെ സഹോദരന്മാരെയും പോലെ നിങ്ങൾ ആകരുത്. അവൻ അവരെ

നാശത്തിന്ന് ഏൽപിച്ചുകളഞ്ഞത് നിങ്ങൾ കാണുന്നുവല്ലോ" (2 ദിന വൃത്താന്തം 30:7). ഈ വേദഭാഗം വായിക്കുമ്പോൾ കർത്താവിന്റെ സഭയാണ് എന്റെ ഓർമ്മയിൽ വരുന്നത്. വലിയ സഹോദരവർഗ്ഗമാകുന്ന ഒന്നാണ് സഭ. നാം അതിനെ സ്നേഹിക്കണം. എല്ലാവരേയും ബഹുമാനിപ്പിൻ; സഹോദരവർഗത്തെ സ്നേഹിപ്പിൻ; ദൈവത്തെ ഭയപ്പെടുവിൻ; രാജാവിനെ ബഹുമാനിപ്പിൻ (1 പത്രൊസ് 2:17). നമ്മിൽ പലരും കർത്താവിനെ സ്നേഹിക്കുകയും കർത്താവിന്റെ സഭയെ കുറിച്ച് കരുതുകയും ചെയ്താലും ചില ഇടവകകളാൽ നയിക്കപ്പെടുവാൻ സാധ്യതയുണ്ട്. എന്നാൽ സഹോദരന്മാരിൽ അനേകർ നിഷ്പ്പക്ഷമായും സത്യസന്ധമായും ബൈബിൾ വായിച്ച് മനസിലാക്കി ജീവിക്കുന്നതായി നമുക്ക് കാണുവാൻ കഴിയും.

നമുക്ക് ഇടയിലേക്ക് ദുരുപദേഷ്ടാക്കന്മാർ വരുവാൻ സാധ്യതയുണ്ട് എന്ന് വചനം മുന്നറിയിച്ചിരിക്കുന്നു. ദൈവ ജനങ്ങൾക്കിടയിൽ ഒരിക്കലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകരുത് എന്നാണ് നാം എല്ലാം ആഗ്രഹിക്കുന്നത്. എന്നാൽ അവർ നമുക്ക് ഇടയിലേക്ക് നുഴഞ്ഞു വരുമെന്ന് വ്യക്തമായി മുന്നറിയിച്ചിരിക്കുന്നു. ദുരുപദേഷ്ടാക്കന്മാർ നമ്മുടെ കാലയളവിൽ മാത്രമല്ല ആവിർഭവിക്കുന്നത്. അത്തരം ആളുകളുടെ ഉപദേശം സഹോദരങ്ങളിൽ ചിലർ കേൾക്കുകയും വിശ്വസിക്കുകയും ചെയ്ത സംഭവവും പുതുമയുള്ളതല്ല. ദൈവത്തിന്റെ കൽപനകളിൽനിന്നും അകന്നുപോയവരുടെ സന്ദേശം കേൾക്കരുത്, വിശ്വസിക്കരുത് എന്നാണ് ഹിസ്ക്കിയാവ് പറഞ്ഞത്. ദൈവത്തിന്റെ കൽപനകളോടും ന്യായപ്രമാണത്തോടും മൽസരിച്ച പിതാക്കന്മാരെയും സഹോദരന്മാരേയും പോലെ ആകരുത് എന്ന് ഹിസ്ക്കിയാവ് പറയുവാനുള്ള കാരണം വളരെ വ്യക്തമാണ്. അങ്ങനെ ഓട്ടാളർ രാജാവിന്റെയും പ്രഭുക്കന്മാരുടെയും എഴുത്തുകൾ എല്ലാ യിസ്രായേലിന്റെയും യെഹൂദായുടേയും ഇടയിൽ കൊണ്ടുപോയി രാജകൽപന പ്രകാരം പറഞ്ഞത് എന്തെന്നാൽ, യിസ്രായേൽമക്കളേ, അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കൊബിന്റെയും ദൈവമായ യഹോവ നിങ്ങൾ അശൂർ രാജാക്കന്മാരിൽനിന്നു തെറ്റി ഒഴിഞ്ഞ ശേഷിപ്പിന്റെ അടുക്കലേക്ക് തിരിയേണ്ടതിന്ന് നിങ്ങൾ അവന്റെ അടുക്കലേക്ക് തിരിഞ്ഞുകൊൾവിൻ (2 ദിനവൃത്താന്തം 3:6).

പഴയനിയമകാലത്ത് ജീവിച്ച വിശ്വസ്തരായവരുടെ സംഭവങ്ങൾ

നമുക്ക് ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഉറച്ച് നിൽപാൻ പ്രചോദിപ്പിക്കുന്നവയാണ്. വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപിച്ച വിശ്വാസത്തിൽനിന്നും അകന്നുപോകുന്നവരെ കുറിച്ച് നമുക്ക് ദുഃഖമുണ്ട്. കാരണം അവർക്ക് നേരിടുവാനിരിക്കുന്ന ശിക്ഷ വലുതായിരിക്കും. വചനത്തിൽ വസിക്കുന്നവരെ നാം പ്രോൽസാഹിപ്പിക്കയും പ്രബോധിപ്പിക്കയും ചെയ്യണം എന്നു വചനം നമ്മെ പഠിപ്പിക്കുന്നു. ക്രിസ്തുവിന്റെ വചനത്തിൽ നിലനിൽക്കുന്നവരാണ് വാസ്തവത്തിൽ അവന്റെ ശിഷ്യന്മാർ (യോഹന്നാൻ 8:31). ചില സഹോദരീസഹോദരന്മാരുടെ ആത്മ രക്ഷ നഷ്ടപ്പെടുത്തി കളയുന്നത് തീർച്ചയായും പരിതാപകരമാണ്. "എന്നാൽ ഭാവികാലത്ത് ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ച് ഭോഷ്ക്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവ് തെളിവായി പറയുന്നു" (1 തിമൊഥെയൊസ് 4:1). പൗലൊസിന്റെയും തിമൊഥെയൊസിന്റെയും കാലത്ത് ആളുകൾക്ക് വിശ്വാസ ത്യാഗം സംഭവിച്ചതുപോലെ ഈ കാലത്തും വിശ്വാസ ത്യാഗം സംഭവിക്കും എന്നതാണ് പരിശുദ്ധാത്മാവ് മുന്നറിയിച്ചിരിക്കുന്നത്.

കർത്താവിന്റെ സഭയിലെ സഹോദരന്മാരും സഹോദരിമാരും മരണത്തോളം വിശ്വസ്തരായിരിക്കണം എന്നതാണ് ദേവേഷ്ടം. ചിലർ വിശ്വാസം വിട്ടുകളഞ്ഞുപോകുന്നത് കണ്ടാൽ നാം അവരെ ചെന്ന് കണ്ട് നിലനിർത്തുവാൻ ഉത്തേജിപ്പിക്കണം. കാരണം സർവ്വ ലോകവും നേടിയിട്ടും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം എന്നാണ് കർത്താവ് ചോദിക്കുന്നത്. അതേ സമയത്ത് വിശ്വാസത്തിൽ നിലനിൽക്കുന്നവർ വീഴാതിരിപ്പാൻ നോക്കണം. പരീക്ഷിക്കപ്പെടുമ്പോൾ നാം പരീക്ഷണത്തിന് വിധേയരാകരുത്. ഒന്നാം നൂറ്റാണ്ടിൽ ചില സഹോദരങ്ങൾ ലോകത്തെ സ്നേഹിച്ച് ദൈവത്തിൽനിന്നു തിരിഞ്ഞ് ലോകത്തിലേക്ക് പോയിട്ടുണ്ട്. അതുപോലെ ഇന്നും ചിലർ കർത്താവിന്റെ വചനം അനുസരിച്ച് സ്നാനമേറ്റ് കുറച്ചു നാൾ വിശ്വാസത്തിൽ നിലനിന്നിട്ട് പല കാരണങ്ങളാൽ പിൻവാങ്ങി പോകുന്നുണ്ട്. അവരെയെല്ലാം ഉൾപ്പെടെ സകല വിശ്വാസികളെയും പ്രബോധിപ്പിക്കുന്ന വാക്കുകളാണ് ഹിസ്ക്കിയാവ് പണ്ട് നൽകിയത്. നമ്മുടെ ബദ്ധിയു തുറക്കുന്ന വാക്കുകളാണ് അവ.

# ദൈവികത്വത്തിന്റെ സാമ്യം

## ചാൾസ് വൈറ്റ്

.ദൈവികത്വത്തെ സംബന്ധിച്ച് പല വിശ്വാസങ്ങൾ ലോകത്തിൽ പ്രചരിച്ചിട്ടുണ്ട്. ത്രിത്വം എന്നു പരക്കെ അറിയപ്പെടുന്ന ദൈവികത്വം മനസിലാക്കുവാൻ പ്രയാസമുള്ള കാര്യമാണ് എന്നു ചിലർ കരുതുന്നു. ഒരു സാധാരണ പുരാതന യിസ്രായേല്യൻ ദിവസവും രണ്ട് പ്രാവശ്യം ശേത്നാ അഥവാ "കർത്താവായ യഹോവ നമ്മുടെ ദൈവമാകുന്നു" എന്ന വാക്ക് ഉച്ചരിക്കും(ആവർത്തന പുസ്തകം 6:4). ബൈബിളിൽ ഉൽപത്തി പുസ്തകത്തിലും മറ്റു ഭാഗങ്ങളിലും എലോഹിം എന്ന ബഹുവചന വാക്ക് ഉപയോഗിച്ചിരിക്കുന്നു എങ്കിലും ദൈവം ഏകൻ എന്നു യിസ്രായേൽ മക്കൾ വിശ്വസിച്ചിരുന്നു. "ആദിയിൽ ദൈവം" എന്ന് ഉൽപത്തി പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന വാക്ക് ബഹുചനത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് (ഉൽപത്തി 1:1, 2). അവിടെ ഉപയോഗിച്ച എലോഹിം എന്ന എബ്രായ പദം ബഹുവചനത്തിലുള്ളതാണ്. ബൈബിൾ വിദ്യാർത്ഥികളെയും പണ്ഡിതരെയും ഒരു പോലെ ഈ വാക്ക് വിഷമവൃത്തത്തിലാക്കുന്നു. ദൈവികത്വത്തിൽ ഒന്നിലധികം വ്യക്തിത്വങ്ങൾ ഉള്ളതായി ഉപയോഗിക്കപ്പെട്ട പുസ്തക ഭാഷ വ്യക്തമാക്കുന്നു. "നമുക്ക് നമ്മുടെ സാദൃശത്തിൽ മനുഷ്യനെ ഉണ്ടാക്ക എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നു (ഉൽപത്തി 1:26).

പിതാവായ ദൈവം, പുത്രനായ ക്രിസ്തു, പരിശുദ്ധാത്മാവ് എന്ന ആത്മാവും അടങ്ങുന്നതാണ് ദൈവികത്വം. ദൈവം എന്നു പറയുമ്പോൾ ആ മുന്നു വ്യക്തിത്വങ്ങളിൽ ആരെയും മാറ്റി നിർത്താവുന്നതല്ല, മൂന്നു പേരെയും ഉൾപ്പെടുത്തിയാണ് ദൈവം എന്നു പറയുന്നത്. ദൈവത്തെ കുറിച്ചുള്ള സത്യം ദൈവം വെളിപ്പെടുത്തിയിരിക്കുന്നത് വിശ്വസിക്കുവാനേ നമുക്ക് കഴിയു. അതിനപ്പുറമായി ദൈവത്തെ മനസിലാക്കുവാൻ ശ്രമിക്കുന്നത് വെറുതെയാണ്. ദൈവത്തിന്റെ രൂപമോ ദൈവത്തിന്റെ നിലനിൽപോ അറിഞ്ഞിട്ട് നമുക്ക് വലിയ പ്രയോജനം ഉണ്ടെന്നു തോന്നുന്നില്ല. കാരണം അത് നമ്മെ ബാധിക്കുന്ന കാര്യമല്ല. നമ്മെ ബാധിക്കുന്നത് ദൈവവും നാമും തമ്മിലുള്ള ബന്ധമാണ്. അത് അറിയുന്നത് വളരെ ഉപകാരപ്രദമാണ്. മനുഷ്യരുടെ അറിവിനും മനസിലാക്കലിനും പരിമിതിയുണ്ട്, പക്ഷെ ദൈവത്തിന്റെ അറിവിനും മനസിലാക്കലിനും പരിമിതിയില്ല എന്നതാണ് വാസ്തവം. ദൈവം വാസ്തവത്തിൽ ആരാണെന്നും അവൻ എങ്ങനെയിരിക്കുമെന്നും അറിയുവാൻ ശ്രമിക്കുന്ന ആളുകൾ ധാരാളം ഊഹാപോഹങ്ങളിൽ എത്തുകയും അവർ ദൈവത്തിന്റെ പല

വിധത്തിലുള്ള രൂപങ്ങളെ ഉണ്ടാക്കി ദൈവം എന്നു വിശ്വസിക്കുന്ന സ്ഥിതിയിലേക്ക് മാറിയിട്ടുണ്ട്. അത്തരം അബദ്ധങ്ങൾ ഒഴിവാക്കുവാൻ ദൈവത്തിന്റെ ജ്ഞാനത്തിൽ നാം ദൈവത്തെ അറിയുവാൻ ശ്രമിക്കുകയാണ് വേണ്ടത്. അവൻ വെളിപ്പെടുത്തിയിരിക്കുന്ന സത്യം മനസിലാക്കുവാൻ നമുക്ക് പരമാവധി ശ്രമിക്കാമെന്നല്ലാതെ, മൺകൂടാരത്തിൽ വസിക്കുന്ന വെറും മനുഷ്യന് ദൈവത്തെ പൂർണ്ണമായി മനസിലാക്കുവാൻ സാധ്യമല്ല എന്നു തുറന്നു സമ്മതിക്കണം.ക്രിസ്ത്യാനികൾക്ക് ഒന്നിലധികം ദൈവങ്ങളുണ്ട് എന്ന ആരോപണം ഉന്നയിക്കപ്പെട്ടിട്ടുള്ളത് നിങ്ങൾ കേട്ടിരിക്കുമല്ലോ. മൂന്നു വ്യക്തിത്വങ്ങളിൽ ഏകത്വമുള്ള ദൈവമാണ് നമുക്ക് ഉള്ളത് എന്ന യാഥാർത്ഥ്യം അറിയാത്തവരാണ് ഈ ആരോപണം ഉന്നയിക്കുന്നത്. ദൈവത്തിന്റെ അഥവാ ദൈവികത്വത്തിന്റെ പ്രകൃതം എന്തായാലും ദൈവം ഏകനാണ് എന്ന് വിശ്വസിക്കുന്നതാണ് യുക്തിസഹജം. ഐക്യതയെ സൂചിപ്പിച്ച് ഒന്ന് എന്നു പറയുന്നത് സ്വാഭാവികമാണ്. വിവാഹം കഴിയുമ്പോൾ ഭാര്യയും ഭർത്താവും ഒന്നാണ് എന്നു പറയുന്നു. അവരുടെ യോജിപ്പിനെ അത് വ്യക്തമാക്കുന്നു.

ദൈവികത്വം മനസിലാക്കുവാൻ ഒരു ലളിതമായ ചിത്രീകരണം ഞാൻ വർഷങ്ങളായി ഉപയോഗിച്ചു വരുന്നത് നിങ്ങളോടും പങ്കിടുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഓരോ ഘടനകളെയും വേർതിരിക്കുവാനായി നാം കമ്പ്യൂട്ടറിനെ ഉപയോഗിക്കുന്നു. ശൂന്യാകാശത്തിന്റെ ഘടനകളെയും വേർതിരിച്ച് മനസിലാക്കുവാനും പഠിപ്പിക്കുവാനും നാം കമ്പ്യൂട്ടറിനെ ഉപയോഗിക്കുന്നു. ഞാൻ ഉപയോഗിച്ച കമ്പ്യൂട്ടർഡിവൈസസ് തന്നെയാണ് അനേകം കമ്പനികളിൽ ഉപയോഗിക്കുന്നത്. വ്യത്യസ്ത പ്രവർത്തനങ്ങൾക്കായി അനേകം കമ്പ്യൂട്ടറുകൾ ആണ് ഓരോ കമ്പനിയും ഉപയോഗിക്കുന്നത്. അവയെല്ലാം ഒരു മുഖ്യ കമ്പ്യൂട്ടറുമായി ബന്ധിപ്പിച്ചിരിക്കും. പല രീതിയിലുള്ള പ്രവർത്തനങ്ങളാണ് കമ്പ്യൂട്ടറിൽ കൂടെ നടത്തുന്നത്. അകത്തേക്ക് സ്വീകരിക്കയും പുറത്തേക്ക് വിടുകയും ചെയ്യുന്ന രീതിയാണ് ഓരോ കമ്പ്യൂട്ടറിലും ഉള്ളത്. അത് ഉപയോഗിക്കുന്നവരുടെ നിർദ്ദേശങ്ങൾ കമ്പ്യൂട്ടർ സ്വീകരിച്ചശേഷം യന്ത്രഭാഷയിൽ കൂടെ മറ്റു യന്ത്രത്തിലേക്ക് അയക്കുന്നു. ഒരു കമ്പ്യൂട്ടറിൽ തുടങ്ങിയ പ്രവൃത്തി അങ്ങനെ മറ്റു കമ്പ്യൂട്ടറുകളിൽ കൂടെ കടത്തിവിട്ട് പൂർത്തിയാക്കുന്നു. ഉപയോഗിക്കുന്ന വ്യക്തിക്ക് മനസിലാകുന്ന ഭാഷയിലായിരിക്കും ഫോർമാറ്റിങ്ങ് നടത്തുക. ഒരിക്കൽ നിർദ്ദേശം സ്വീകരിച്ചുകഴിഞ്ഞാൽ പിന്നെ അതിനനുസരിച്ചായിരിക്കും അത് പുറത്തേക്ക് വിടുക. ഗണിതശാസ്ത്രത്തിന്റെ ഒരു ഫോർമുല കമ്പ്യൂട്ടറിൽ സ്വീകരിച്ചു കഴിഞ്ഞാൽ ഏതു കണക്കും കമ്പ്യൂട്ടർ അനായാസേന നിർവ്വഹിക്കും എന്നതാണ് കമ്പ്യൂട്ടറിന്റെ സവിശേഷത.

അടിയിൽകൂടെ പോകുന്ന വയറുകൾ ആണ് കമ്പ്യൂട്ടറുകളെ തമ്മിൽ ബന്ധിപ്പിക്കുന്നത്. മൂന്നു കമ്പ്യൂട്ടറുകളെ അടിയിൽകൂടെ ബന്ധിപ്പിച്ചിരിക്കകൊണ്ട് ഒരു കമ്പ്യൂട്ടർ എന്നപോലെ മൂന്നും പ്രവർത്തിക്കും. അത് വയറുകൾ കമ്പ്യൂട്ടറുകളെ തമ്മിൽ ശരിയായി ഘടിപ്പിക്കുകയാണെങ്കിൽ മാത്രമാണ് അങ്ങനെ പ്രവർത്തിക്കുന്നത്. അങ്ങനെ മൂന്നു കമ്പ്യൂട്ടറുകളും യോജിച്ച് ഐകരൂപത്തിൽ തന്നെ പ്രവർത്തിക്കുന്നത് കാണാം. ദൈവികത്വവും അതുപോലെയാണെന്ന് ഞാൻ വിശ്വസിക്കുന്നു. അവർ മൂന്നു പേരും ചേർന്ന് ഐകരൂപത്തിലും യോജിപ്പിലുമാണ് പ്രവർത്തിക്കുന്നത്. വ്യത്യാസമോ വൈരുദ്ധ്യമോ വരാതെയാണ് എല്ലാ കാര്യവും നിർവ്വഹിക്കുന്നത്. മർത്യരായ മനുഷ്യർക്ക് മനസിലാക്കുവാൻ കഴിയാത്ത വിധത്തിലാണ് അടിയിൽകൂടെ കൊടുത്തിരിക്കുന്ന കേബിളുകൾ. നമുക്ക് അറിയേണ്ടതും അറിയേണ്ട ആവശ്യമില്ലാത്തതുമായ കാര്യങ്ങളുണ്ട്. നമുക്ക് അത്യാവശ്യം അറിഞ്ഞിരിക്കേണ്ടവ ദൈവം വെളിപ്പെടുത്തിയിരിക്കുകയാണ്. അതിൽ നാം തൃപ്തരായിരിക്കണം.

കേന്ദ്ര കമ്പ്യൂട്ടർ മറ്റു രണ്ടു കമ്പ്യൂട്ടറുകൾക്കും ആജ്ഞ കൊടുക്കുന്നു. അവ രണ്ടും അതുപോലെ പ്രവർത്തിക്കുന്നു. അന്യോന്യമുള്ള ബന്ധം ശരിയായിരിക്കുന്നേടത്തോളം പ്രവർത്തനങ്ങൾ സുഗമമായി നടക്കും. പിതാവായ ദൈവവും പുത്രനായ ക്രിസ്തുവും പരിശുദ്ധാത്മാവും ആരംഭം മുതൽ പ്രവർത്തിച്ചുകൊണ്ടാണിരിക്കുന്നത്. അത് അന്യോന്യമുള്ള ബന്ധം സുദൃഢമായി നിലനിൽക്കുന്നതുകൊണ്ടാണെന്നത് പ്രസ്താവ്യമാണ്. ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന്റെ വിജയം അതിൽ അടങ്ങിയിരിക്കുന്നവരുടെ യോജിപ്പാണ്. മനുഷ്യരെ നിർമ്മിക്കുന്നതിനു മുൻപ് തന്നെ അവർ വീണു പോകുമെന്ന് ദൈവത്തിന് അറിയാമായിരുന്നതുകൊണ്ട് അവർക്ക് ഒരു രക്ഷാപദ്ധതി തയ്യാറാക്കിയിരുന്നു. അതിന്റെ നടത്തിപ്പ് പൂർത്തീകരിക്കുന്നത് യേശുക്രിസ്തുവും പരിശുദ്ധാത്മാവും. പരിശുദ്ധാത്മാവിനാലായിരുന്നു യേശു മനുഷ്യനായി ജനിച്ചത്. ദൈവപുത്രനായിട്ടായിരുന്നു യേശു തന്റെ ദൗത്യം നിറവേറ്റിയത്. തുടർന്നും പരിശുദ്ധാത്മാവിന്റെ ദൗത്യം അവൻ തുടർന്നുകൊണ്ടാണിരിക്കുന്നത്. അപ്പൊസ്തലന്മാരെ സകല സത്യത്തിലും വഴിനടത്തിയതും ക്രിസ്തു അവരെ പഠിപ്പിച്ചതെല്ലാം ഓർപ്പിച്ചതും പരിശുദ്ധാത്മാവായിരുന്നു. ക്രിസ്തു ക്രിസ്ത്യാനികൾക്കു വേണ്ടി സദാ കാലത്തേക്കും പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു. പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. നമ്മുടെ ഉള്ളിൽ വസിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവ് പ്രാർത്ഥിക്കുവാനും വചനം മുഖാന്തരം നമ്മെ കാത്തുകൊള്ളുവാനും സഹായിക്കും.

★

# ഏറ്റവും വലിയ പരീക്ഷണം

## കെന്നെത്ത് ഡേവിസ്

അൽപ വിശ്വാസം ഉള്ളവരെ കുറിച്ചും വലിയ വിശ്വാസമുള്ളവരെ കുറിച്ചും പുതിയ നിയമത്തിൽ നാം വായിക്കുന്നു. വിശ്വാസത്തിന്റെ അളവ് ഓരോരുത്തരിലും വ്യത്യസ്തമാണെന്ന് നമുക്ക് അറിയാം. വിശ്വാസം വളരെ പ്രാധാന്യമർഹിക്കുന്നതാണെങ്കിലും അത് വലുതായി പരീക്ഷിക്കപ്പെട്ടിരിക്കുന്നു എന്നു നാം അറിഞ്ഞിരിക്കണം. അതായത് നമ്മുടെ ആത്മിയതയെ പരീക്ഷിക്കും. അത് നമ്മുടെ വിശ്വാസത്തിലുള്ള പരീക്ഷണമാണ്. പഴയനിയമത്തിൽ വിശ്വാസികളുടെ പിതാവായി തീർന്ന അബ്രഹാമും പരീക്ഷണത്തിന് വിധേയനായിട്ടുള്ള കാര്യം നാം മറക്കരുത്. തന്നിൽ വിശ്വസിച്ച യഹൂദന്മാരോട് യേശു പറഞ്ഞു, എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായും എന്റെ ശിഷ്യന്മാരായി. സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. അവർ അവനോട്, ഞങ്ങൾ അബ്രഹാമിന്റെ സന്തതി, ആർക്കും ഒരു നാളും ദാസന്മാരായിരുന്നിട്ടില്ല; നിങ്ങൾ സ്വതന്ത്രന്മാരാകും എന്നു നീ പറയുന്നത് എങ്ങനെ എന്ന് ഉത്തരം പറഞ്ഞു.

അതിന്ന് യേശു, ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു, പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന്റെ ദാസൻ ആകുന്നു. ദാസൻ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല; പുത്രൻ എന്നേക്കും വസിക്കുന്നു. പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും. നിങ്ങൾ അബ്രഹാമിന്റെ സന്തതി എന്നു ഞാൻ അറിയുന്നു. എങ്കിലും എന്റെ വചനത്തിന് നിങ്ങളിൽ ഇടം ഇല്ലായ്കകൊണ്ട് നിങ്ങൾ എന്നെ കൊല്ലുവാൻ നോക്കുന്നു. പിതാവിന്റെ അടുക്കൽ കണ്ടിട്ടുള്ളത് ഞാൻ സംസാരിക്കുന്നു. നിങ്ങളുടെ പിതാവിനോട് കേട്ടിട്ടുള്ളത് നിങ്ങൾ ചെയ്യുന്നു എന്ന് ഉത്തരം പറഞ്ഞു. അവർ അവനോട് അബ്രഹാം ആകുന്നു ഞങ്ങളുടെ പിതാവ് എന്ന് ഉത്തരം പറഞ്ഞതിന്ന്, .യേശു അവരോട്, നിങ്ങൾ അബ്രഹാമിന്റെ മക്കൾ എങ്കിൽ അബ്രഹാമിന്റെ പ്രവൃത്തികളെ ചെയ്യുമായിരുന്നു. എന്നാൽ ദൈവത്തോട് കേട്ടിട്ടുള്ള സത്യം നിങ്ങളോട് സംസാരിച്ചിരിക്കുന്ന മനുഷ്യനായ എന്നെ നിങ്ങൾ കൊല്ലുവാൻ നോക്കുന്നു. അങ്ങനെ അബ്രഹാം ചെയ്തില്ലല്ലോ. നിങ്ങളുടെ പിതാവിന്റെ പ്രവൃത്തികളെ നിങ്ങൾ ചെയ്യുന്നു എന്നു പറഞ്ഞു. യേശു അവരോട് പറഞ്ഞത് ദൈവം നിങ്ങളുടെ പിതാവ് എങ്കിൽ നിങ്ങൾ എന്നെ സ്നേഹിക്കുമായിരുന്നു (യോഹന്നാൻ 8:31-42).

കൂടാരപ്പെരുന്നാളിലായിരുന്നു യേശു ഏറ്റവും വലിയ പരീക്ഷണം നേരിട്ടത്. തന്നിൽ വിശ്വസിച്ച ആളുകളോടായിരുന്നു ദൈവപുത്രനായ ക്രിസ്തു സംസാരിച്ചത്. വിശ്വസിച്ചാൽ മാത്രം പോരാ എന്ന് യേശുവിന്റെ ആ സന്ദേശം വ്യക്തമാക്കുന്നു. അവന്റെ വചനം അനുസരിച്ച് ജീവിക്കുക കൂടെ ചെ.യ്യണം എന്നർത്ഥം. വചനം അനുസരിച്ച് ജീവിച്ചാലുള്ള പ്രയോജനങ്ങളെ കുറിച്ചാണ് യേശു തുടർന്ന് സംസാരിക്കുന്നത്. സ്വാതന്ത്ര്യത്തിന് സത്യം അറിയേണ്ടത് ആവശ്യമാണ്. ഭോഷ്ക്ക് വിശ്വസിച്ചിരിക്കുന്ന ആളുകളാണ് പിശാചിനെ അനുസരിക്കുന്നത്. തങ്ങൾ ഒരിക്കലും ആർക്കും ദാസന്മാരായിരുന്നിട്ടില്ല എന്ന് യഹൂദന്മാർ പറഞ്ഞത് കളവായിരുന്നു. മിസ്രയിമിലും തുടർന്ന് പല പ്രാവശ്യവും യഹൂദന്മാർ അടിമകളായിരുന്നു എന്ന് ചരിത്രം വ്യക്തമാക്കുന്നു. അവർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ പോലും റോമാ സാമ്രാജ്യത്തിന്റെ ദാസന്മാരായിരുന്നു.

പാപത്തിന് ദാസന്മാരായി തീരുന്നതിനെ കുറിച്ചായിരുന്നു യേശു പറഞ്ഞത് എന്ന കാര്യം അവർ മനസിലാക്കിയില്ല. അബ്രഹാമാണ് തങ്ങളുടെ പിതാവ് എന്നു പറഞ്ഞുകൊണ്ടാണ് അവർ യേശുവിനെ കൊല്ലുവാൻ നോക്കിയത്. അബ്രഹാം അങ്ങനെ ഒരിക്കലും ചെയ്തിട്ടില്ലല്ലോ. തന്റെ വാഗ്ദത്ത സന്തതി (യേശു) ലോകത്തിന് മുഴുവൻ ഒരു അനുഗ്രഹമായിരിക്കും എന്നു ദൈവം മുന്നറിയിച്ചിരുന്നു. പിന്നീട് യഹൂദന്മാർ പറഞ്ഞത് ദൈവമാണ് അവരുടെ പിതാവ് എന്നത്രെ. ഏറ്റവും വലിയ ഒരു പരീക്ഷണമായ് യോഹന്നാൻ 14:15 ൽ യേശു പറഞ്ഞത്. “നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കൽപനകളെ കാത്തുകൊള്ളും.” ക്രിസ്തുവിനോടുള്ള സ്നേഹവും വ്യക്തികളോടുള്ള സ്നേഹവുമാണ് നാം നേരിടുന്ന ഏറ്റവും വലിയ പരീക്ഷണം. **വിശ്വാസമുണ്ടായിരുന്ന ഒരു കൂട്ടം ആളുകളോടായിരുന്നു യേശു സംസാരിച്ചത്. ആ വിശ്വാസത്തോട് അവർ സ്നേഹം കൂട്ടിച്ചേർക്കണമായിരുന്നു. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ നിലനിൽക്കുന്നു എന്നാൽ ഇവയിൽ ഏറ്റവും വലിയത് സ്നേഹമാകുന്നു. നമ്മുടെ വിശ്വാസം ക്രിസ്തുവിന്റെ കൽപനകൾ അനുസരിക്കുന്നതിലേക്ക് മാറ്റുമ്പോഴാണ് നാം ആത്മീയരായി തീരുന്നത്. വചനം നമ്മെ ഭൂമിയിൽനിന്നു സ്വർഗത്തിലേക്ക് സഞ്ചരിക്കുവാൻ സഹായിക്കുന്നു.**

✶

# വിവാഹ ബന്ധത്തിലെ ആരംഭ വിശുദ്ധി

### പോൾ സതേൺ

വിവാഹം ദൈവത്താൽ സ്ഥാപിതമായതാണ്. പുരുഷനെ സൃഷ്ടിച്ച ദൈവം അവന് കൂട്ടായി ഒരു സ്ത്രീയെ മെനഞ്ഞ് രൂപപ്പെടുത്തി കൊടുത്തു. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നു കണ്ട ദൈവം അവന് അവന്റെ വാരിയെല്ലിൽനിന്ന് ഒന്നെടുത്ത് സ്ത്രീയെ ഉണ്ടാക്കി കൊടുത്തു. പുരുഷന് ദൈവത്തിൽനിന്നു ലഭിച്ച ദാനമായിരുന്നു സ്ത്രീ. ദൈവമാണ് അവരെ തമ്മിൽ ചേർത്തത്. അന്നു മുതൽ വിവാഹബന്ധം തുടരുന്നു. അതിന് മനുഷ്യർ പല ഭാവവും രൂപവും കൊടുത്തിട്ടുണ്ടെങ്കിലും അടിസ്ഥാനതത്വം ഇന്നും ഭൂമിയിൽ നിലനിൽക്കുന്നു,. പഴയ നിയമ കാലത്തും പുതിയനിയമ കാലത്തും വിവാഹ ബന്ധം സൂക്ഷിച്ചിരുന്നവർക്ക് അനുഗ്രഹവും അത് ശരിയായ രീതിയിൽ നിലനിർത്തുവാൻ കഴിയാതിരുന്നവർക്ക് തിക്തമായ അനുഭവവുമാണ് നേരിടേണ്ടി വന്നത്. ഇതു സംബന്ധിച്ച് പറയുകയാണെങ്കിൽ മനുഷ്യർക്ക് ഒന്നുകിൽ ദൈവത്തിന്റെ വഴി തിരഞ്ഞെടുക്കാം. അല്ലെങ്കിൽ ലോകത്തിലെ വഴി തിരഞ്ഞെടുക്കാം. ലോകത്തിന്റെ വഴി എപ്പോഴും നാശത്തിലേക്കായിരിക്കും നീങ്ങുന്നത്. ദൈവത്തിന്റെ നിർദ്ദേശങ്ങളും ഉപദേശങ്ങളുമാണ് ഏതൊരു മനുഷ്യനും തിരഞ്ഞെടുക്കേണ്ടത് കാരണം അതിനേക്കാൾ ഉയർന്ന നിലവാരം മറ്റൊന്നില്ല.

ഇന്നു നേരിടുന്ന നിയമപരമായ പ്രശ്നങ്ങളിൽ മുഖ്യമായ ഒന്നാണ് വിവാഹ ബന്ധത്തിലെ തകർച്ച. ആത്മിക ജീവിതത്തിന് മുൻതൂക്കം കൊടുക്കാതെ ഭൗതികതക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ജീവിതമാണ് ഭൂരിഭാഗം ആളുകളും നയിക്കുന്നത്. ഓരോ സമൂഹത്തിലെയും വിവാഹബന്ധമാണ് കുടംബത്തിന്റെയും ദേശത്തിന്റെയും ലക്ഷ്യസ്ഥാനത്തെ നിർണ്ണയിക്കുന്നത്. വിവാഹത്തിന്മേലുള്ള കാഴ്ച്ചപ്പാടും അതിന്റെ ഉദ്ദേശവും ഇന്ന് തലതിരിഞ്ഞിരിക്കുന്നു എന്നു പറയുന്നതിൽ വിഷമമുണ്ട്. അതുകൊണ്ടാണ് വിവാഹ മോചന കേസുകളുടെ എണ്ണം കോടതിയിൽ വർദ്ധിച്ചു വരുന്നത്. മനുഷ്യ രക്ഷ ഭൗതികത്തിന്മേൽ അടിസ്ഥാനപ്പെടുത്തരുത്. മറിച്ച് ആത്മാവിന്റെ രക്ഷയേക്കാൾ വലുതായി മറ്റൊന്നില്ല. ആ

രക്ഷക്ക് വേണ്ടിയാണ് യേശു മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റത്. ആ രക്ഷയുടെ സന്തോഷം നമ്മിൽനിന്ന് എടുത്തു കളയുവാൻ ഇടയാകരുത്. ഒരാൾ എത്ര നല്ലവനാണ് അല്ലെങ്കിൽ നല്ലവളാണ് എന്ന് അയാൾക്ക് തോന്നിയാലും, പങ്കാളി എത്ര മോശമാണെന്നു സ്വയം വിലയിരുത്തിയാലും, ദൈവ കൽപനയാണ് മുഖ്യം. വിവാഹത്തെ സംബന്ധിച്ച് ദൈവം പറയുന്നതാണ് മുഖ്യമായ കാര്യം. അതിനപ്പുറമായി നാം ചിന്തിക്കരുത്. എല്ലാ കാലത്തും ദൈവം വിവാഹത്തെ അനുവദിച്ചിരിക്കുന്നു. മതമോ വർഗമോ, നിറമോ നോക്കുന്നത് മനുഷ്യരാണ്. അല്ലാതെ ദൈവം നോക്കുന്നത് അവർ വിവാഹം കഴിക്കുന്നോ ഇല്ലയോ എന്നാണ്. അവർ ദൈവേഷ്ടമനുസരിച്ചാണോ കാര്യങ്ങൾ ചെയ്യുന്നത് എന്നു ദൈവം നോക്കുന്നു.

വിവാഹത്താൽ സ്ത്രീയും പുരുഷനും ഒന്നായി തീരും എന്നാണ് ദൈവം പറഞ്ഞിരിക്കുന്നത്. സ്നേഹത്തിൽ യോജിച്ച് കഴിയുവാനാണ് ദൈവം അവരെ ചേർത്തിരിക്കുന്നത്. ഭാര്യ ഭർത്താവിനോട് പറ്റിച്ചേരും. അതുപോലെ ഭർത്താവ് ഭാര്യയോട് പറ്റിച്ചേരും. മാനസികവും വൈകാരികവും, ആത്മികവുമായി അവർ ഒന്നായിത്തീരുവാനാണ് പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നത്. യേശുവിന്റെ കാലയളവിൽ ഗലീലയിലെ കാനാവിൽ ഒരു കല്യാണവിരുന്നിന് അവനെയും അമ്മയെയും, അവന്റെ ശിഷ്യന്മാരെയും ക്ഷണിച്ചിരുന്നു. ആ വീട്ടുകാർക്ക് വീഞ്ഞ് പോരാതെ വന്നപ്പോൾ, യേശു അത്ഭുതകരമായി ആ വീട്ടുകാരുടെ ആവശ്യം നിറവേറ്റി. യേശു ദൈവമഹത്വം വെളിപ്പെടുത്തുകയും ചെയ്തു (യോഹന്നാൻ 2:1-11). വെള്ളത്തെ വീഞ്ഞാക്കി മാറ്റിയ യേശുവിന്റെ ആദ്യത്തെ അത്ഭുതമായിരുന്നു അത്. "വിവാഹം എല്ലാവർക്കും മാന്യവും കിടക്ക നിർമ്മലവുമായിരിക്കട്ടെ" എന്ന് എബ്രായ ലേഖകൻ രേഖപ്പെടുത്തിയിരിക്കുന്നു (എബ്രായർ 13:4). ദൈവരാജ്യത്തിന്റെ താക്കോൽ ലഭിച്ച അപ്പൊസ്തലനായിരുന്ന പത്രൊസ് വിവാഹിതനായിരുന്നു എന്ന് ബൈബിൾ വ്യക്തമാക്കുന്നു (മത്തായി 8:14). ദൈവിക ശുശ്രൂഷയിൽ അപ്പൊസ്തലന്മാരെ ശുശ്രൂഷിപ്പാൻ ഭാര്യയായ ഒരു സഹോദരിയുമുണ്ടായിരുന്നതായി പൗലൊസ് വ്യക്തമാക്കുന്നു (1 കൊരിന്ത്യർ 9:5). ഭാര്യയും ഭർത്താവും പ്രാർത്ഥിപ്പാൻ പരസ്പരസമ്മതത്തോടെയല്ലാതെ വേർപിരിഞ്ഞ് ഇരിക്കരുത് എന്ന് അപ്പൊസ്തല

നായ പൗലൊസ് കൊരിന്ത്യർക്ക് ലേഖനം എഴുതുമ്പോൾ പറഞ്ഞിരുന്നു (1 കൊരിന്ത്യർ 7:5). ആരംഭം മുതൽ വിവാഹത്തിന്റെ വിശുദ്ധിയും മനോഹാരിതയും കാത്തു സൂക്ഷിപ്പാനാണ് യഹോവയായ ദൈവം ആവശ്യപ്പെടുന്നത്. കാരണം വിവാഹ ജീവിതത്തിലെ വിശുദ്ധി നഷ്ടപ്പെടുത്തിയാൽ അത് അവരെ മാത്രമല്ല, അവരുടെ സന്താനങ്ങളെയും ബാധിക്കും. ദൈവവും തന്റെ ജനവും തമ്മിലുള്ള ആത്മിയ ബന്ധം പോലെയാണ് ഭാര്യഭർത്തൃബന്ധം. പഴയ നിയമത്തിലും പുതിയ നിയമത്തിലും അതിന് മാറ്റമില്ല. പുതിയ നിയമത്തിൽ ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധം കർത്താവും തന്റെ ശരീരമായ സഭയും തമ്മിലുള്ള ബന്ധം പോലെയാണ്.

ആ ബന്ധത്തെ കുറിച്ച് പഴയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കുക (യെശയ്യാവ് 54:5; യിരെമ്യാവ് 3:14; ഹോശെയാവ് 2:19). പുതിയ നിയമത്തിൽ യേശുവിനെ മണവാളനായും സഭയെ മണവാട്ടിയായും ചിത്രീകരിച്ചിരിക്കുന്നു (മത്തായി 9:15; യോഹന്നാൻ 3:29). സ്വർഗരാജ്യത്തെ യേശു കല്യാണവിരുന്നിനോട് ഉപമിച്ചിരിക്കുന്നു. സ്വർഗ രാജ്യം എന്നതു തന്റെ പുത്രനു വേണ്ടി കല്യാണ സദ്യ ഒരുക്കിയ ഒരു രാജാവിനോട് ഉപമിച്ചിരിക്കുന്നു. രാജാവ് തന്റെ ദാസന്മാരെ അയച്ച് ആളുകളെ കല്യാണ സദ്യക്കായി ക്ഷണിച്ചു. എന്നാൽ അവർക്കോ വരുവാൻ മനസായില്ല (മത്തായി 22:2, 3). ക്ഷണിച്ചവരെ വിളിപ്പാൻ അവൻ വീണ്ടും തന്റെ ദാസന്മാരെ അയച്ചു എങ്കിലും അവർ ഓരോരുത്തൻ താന്താന്റെ കാര്യങ്ങൾക്കായി പോയതല്ലാതെ കല്യാണ സദ്യക്ക് വന്നില്ല. കർത്താവ് സഭയെ വിശുദ്ധീകരിപ്പാനും കറ, ചുളുക്കം, മാലിന്യം ഒന്നുമില്ലാതെ അവളെ സൂക്ഷിപ്പാൻ സ്വന്ത ജീവൻ പോലും ബലിയർപ്പിച്ചതുപോലെ ഒരു ഭർത്താവ് തന്റെ ഭാര്യയെ സ്നേഹിക്കേണം എന്നാണ് പൗലൊസ് എഫെസ്യർക്ക് ലേഖനം എഴുതുമ്പോൾ രേഖപ്പെടുത്തിയിരിക്കുന്നത് (എഫെസ്യർ 5:23-28). ഭാവി തലമുറക്ക് വിശുദ്ധ ജീവിതമാതൃക കാണിച്ചു കൊടുപ്പാനുള്ള ഉത്തരവാദിത്തം ഓരോ ദമ്പതികൾക്കുമുണ്ട്. ഏറ്റവും പഴയ ദൈവീക സ്ഥാപനമാണ് കുടുംബം. കുടുംബത്തെ കേന്ദ്രീകരിച്ചാണ് മറ്റു സ്ഥാപനങ്ങളെല്ലാം നിലനിർത്തിയിരിക്കുന്നത്. കുടുംബമാണ് ഒരു സമൂഹത്തിന്റെ നട്ടെല്ല്.

✶

# ദൈവത്തിന്റെ ശക്തി

## ജെയിംസ് റിക്കാർട്ട്

ദൈവം സർവ്വശക്തനായ സൃഷ്ടികർത്താവാണ്. ദൈവം ഉണ്ടാക്കിയ പ്രപഞ്ചത്തെയും അതിന്റെ പ്രവർത്തനങ്ങളെയും സൃഷ്ടിക്കപ്പെട്ട സകല ജീവനുള്ളവയെയും പരിശോധിക്കുമ്പോഴാണ് ദൈവശക്തിയുടെ മഹത്വം നാം ദർശിക്കുന്നത്. ഊർജ്ജ ശക്തിയെ മനുഷ്യൻ ഉപകാരപ്രദമായ രീതിയിലും നശീകരണരീതിയിലും ഉപയോഗിക്കുന്നത് തികച്ചും നിർഭാഗ്യകരമെന്നല്ലാതെ എന്തു പറയാൻ. പക്ഷെ ദൈവത്തിന്റെ ശക്തി എല്ലായ്പോഴും മക്കളുടെ പ്രയോജനത്തിനായിട്ടാണ് ഉപയോഗിക്കുന്നത്. കാരണം മനുഷ്യരെ അവൻ തന്റെ സാദൃശത്തിലാണ് മെനഞ്ഞ് ഉണ്ടാക്കിയത്. അപ്പോൾ മനുഷ്യരോട് ദൈവത്തിന് പ്രത്യേക താൽപര്യമാണുള്ളത്. ഈ ലോകം പ്രവർത്തിക്കുന്നതു തന്നെ ദൈവശക്തിയാലാണ്. അതിശയകരമായിട്ടാണ് അവൻ മനുഷ്യനെ മെനഞ്ഞത്. ദൈവം അദൃശ്യനായിരിക്കുമ്പോൾ തന്നെ അവന്റെ ശക്തി നമുക്ക് കാണുവാനും അനുഭവിക്കുവാനും കഴിയും. സൃഷ്ടികളിൽ സൃഷ്ടികർത്താവിന്റെ അസാധാരണ ശക്തി കാണപ്പെടുന്നതായി ലേഖകൻ ഇയ്യോബിന്റെ പുസ്തകം അദ്ധ്യായം 26 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇയ്യോബ് തന്റെ കണ്ണുകളെ ആകാശത്തേക്ക് ഉയർത്തി നോക്കിയപ്പോൾ കണ്ടത്, മേഘങ്ങൾ വെള്ളം നിറഞ്ഞിരിക്കുകയും അതേ സമയത്ത് അവ താഴേക്ക് പതിക്കാതിരിക്കുകയും ചെയ്യുന്നതാണ് (വാ. 8). അവൻ രാത്രിയിൽ ആകാശത്തേക്ക് നോക്കിയപ്പോൾ മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ അവനിൽ വിസ്മയമുളവാക്കി. ദൈവം വെളിച്ചത്തിന്റേയും ഇരുളിന്റേയും അറ്റത്തോളം വെള്ളത്തിന്മേൽ ഒരു അതിർ വരച്ചിരിക്കുന്നു (വാ. 10). അവൻ തന്റെ ശക്തികൊണ്ട് സമുദ്രത്തെ ഉളവാക്കുന്നു. തന്റെ വിവേകം കൊണ്ട് രഹബിനെ തകർക്കുന്നു (വാ. 12). ഇയ്യോബിന്റെ പുസ്തകത്തിൽ തന്നെ പറയുന്ന മറ്റൊരു വസ്തുത വെള്ളം കല്ലുകളെ തേയുമാറാക്കുന്നു എന്നാണ് (ഇയ്യോബ് 14:19). ഇയ്യോബ് പ്രപഞ്ചത്തിലേക്ക് നോക്കിയപ്പോൾ, തന്റെ കണ്ണുകൾ അവിടെ നിന്നു എടുക്കുവാൻ തോന്നാത്ത കാഴ്ച്ചകളായിരുന്നു അവൻ കണ്ടത്. അത്രക്ക് മഹനീയമായ ശക്തിയാണ് തന്റെ സൃഷ്ടിത്വത്തിൽ ദൈവംേ പ്രദർശിപ്പിച്ചിരിക്കുന്നത്. ഒരു കലാകാരനും അത് അങ്ങനെ തന്നെ പകർത്തുവാൻ പോലും

കഴിയുകയില്ല എന്നതാണ് അതിന്റെ പ്രത്യേകത. മനുഷ്യൻ മരിച്ചാൽ ജീവിക്കുമോ എന്ന ചോദ്യത്തിന് ഇയ്യോബിന്റെ പുസ്തകത്തിൽ തന്നെ പിന്നീട് ഉത്തരം നൽകുന്നു. "എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹരഹിതനായി ദൈവത്തെ കാണും" (ഇയ്യോബ് 19:25, 26). മനുഷ്യൻ മരിച്ചാലും അവന്റെ ആത്മാവ് ജീവിക്കുമെന്ന് പഴയനിയമവും പുതിയനിയമവും നമ്മെ പഠിപ്പിക്കുന്നു. ദൈവവചനപ്രകാരം ജീവിച്ച് മരിച്ചവരുടെ ആത്മാക്കൾ ദൈവസന്നിധിയിലായിരിക്കും. ദൈവഹിതത്തെ മാനിക്കാതെ ജീവിച്ച് മരിച്ചവരുടെ ആത്മാക്കൾ യാതനാ സ്ഥലത്തേക്കുമായിരിക്കും പോകുന്നത്.

ക്രിസ്തു ദൈവപുത്രനാണെന്ന് ദൈവം തെളിയിച്ചത് തന്റെ അസാധാരണ ശക്തിയാലായിരുന്നു എന്നു പൗലൊസ് റോമാക്കാർക്ക് ലേഖനം എഴുതുമ്പോൾ പറഞ്ഞിരിക്കുന്നു.ജഡം സംബന്ധിച്ച് ദാവീദിന്റെ സന്തതിയിൽനിന്ന് ജനിക്കയും മരിച്ചിട്ട് ഉയർത്തെഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച് ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നവനാലല്ലോ ഞങ്ങൾ അവന്റെ നാമത്തിനായി സകല ജാതികളുടേയും ഇടയിൽ വിശ്വാസത്തിന് അനുസരണം വരുത്തേണ്ടതിന് കൃപയും അപ്പൊസ്തലത്വവും പ്രാപിച്ചത് (റോമർ 1:5, 6). വീണ്ടും എഫെസ്യയിലെ ക്രിസ്ത്യാനികൾക്ക് ലേഖനം എഴുതുമ്പോൾ പറയുന്നത് വായിക്കാം:"അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിന്നും പ്രാർത്ഥിക്കുന്നു" (എഫെസ്യർ 1:19, 20). പ്രപഞ്ചത്തെയും അതിലുള്ളതൊക്കെയും സൃഷ്ടിച്ച സൃഷ്ടികർത്താവിന്റെ ശക്തിയാലാണ് മരിച്ചവനെ ഉയർപ്പിച്ചത്. ലോകത്തിലെ ജ്ഞാനികൾക്കോ മഹാന്മാർക്കോ മരിച്ച ഏതെങ്കിലും ഒരു വ്യക്തിയെ തിരിച്ചു വരുത്തുവാൻ കഴിയുമോ? ഇല്ല. പക്ഷെ സർവ്വശക്തനായ ദൈവത്തിനു കഴിയും.

ലോകത്തിന്റെ എല്ലാ അറിവും സമാഹരിച്ച് വൈദ്യശാസ്ത്രത്തിന്റെ എല്ലാ കണ്ടുപിടിത്തങ്ങളും സ്വരൂപിച്ച് ശ്രമിച്ചാലും മരിച്ച ഒരാളെ ജിവിപ്പിക്കുവാൻ സാധ്യമല്ല. ലോകത്തുള്ള ഏതു ശക്തി ഉപയോഗിച്ചാലും അതിനു കഴിയുകയില്ല എന്നു തീർത്തു പറയാം.

ദൈവത്തിന്റെ ശക്തി പരമോന്നതമാണ്. അതിനോട് സാമ്യപ്പെടുത്താവുന്ന ഒന്നുമില്ല. ആദ്യമനുഷ്യരായിരുന്ന ആദാമിനേയും ഹവ്വയെയും അവർ പാപം ചെയ്തപ്പോൾ അവരെ ദൈവം ശപിക്കുകയും ജീവന്റെ വൃക്ഷ ഫലം പറിച്ചു തിന്നു പിന്നീട് എന്നേക്കും ജീവിക്കാതിരിപ്പാൻ അവരെ പറുദീസയിൽനിന്നു പുറത്താക്കി (ഉൽപത്തി 2:16, 17). ദൈവത്തിന്റെ മഹാ കരുണ നിമിത്തം അവരെ പുറത്താക്കുന്നതിനു മുൻപ് അവർക്കായി ഒരു വീണ്ടെടുപ്പുകാരനെ അയക്കുമെന്ന വാഗ്ദാനം ചെയ്തിരുന്നു (ഉൽപത്തി 3:15). പാപത്തിനുള്ള ശിക്ഷ മരണമാണ്. അങ്ങനെ മനുഷ്യർ ആത്മിയമായി മരിക്കാതിരിക്കേണ്ടതിന്ന് ദൈവത്തിന്റെ ശക്തി മനുഷ്യവർഗത്തിന്റെ പാപമോചനം പൂർണ്ണമാക്കിയത് അവന്റെ മഹാ ശക്തിയാലായിരുന്നു. അങ്ങനെ യേശു മനുഷ്യരുടെ നിത്യരക്ഷയ്ക്ക് കാരണഭൂതനാകുകയും ചെയ്തു.

ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപിലും പുനരുത്ഥാനത്തിലും വിശ്വസിക്കാതിരുന്നവർക്ക് വിശ്വസിപ്പാൻ അപ്പൊസ്തലനായ പൗലൊസ് താത്വികവും യുക്തിപരവുമായ വാദഗതിയാണ് 1 കൊരിന്ത്യർ അദ്ധ്യായം 15 ൽ വിവരിക്കുന്നത്.. സഹോദരന്മാരേ മാംസരക്തങ്ങൾക്ക് ദൈവരാജ്യം അവകാശമാക്കുവാൻ കഴികയില്ല. ദ്രവത്വം അദ്രവത്വത്തെ അവകാശമാക്കുകയുമില്ല എന്നു ഞാൻ പറയുന്നു; ഞാൻ ഒരു മർമ്മം നിങ്ങളോട് പറയാം; നാം എല്ലാവരും നിദ്രകൊള്ളുകയില്ല. എന്നാൽ അന്ത്യകാഹള നാദത്തിങ്കൽ പെട്ടെന്ന് കണ്ണിമെക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്തെയും ധരിക്കുമ്പോൾ മരണം നീങ്ങി ജയം വന്നിരിക്കുന്നുഎന്ന് എഴുതിയ വചനം നിവൃത്തിയാകും. തന്റെ മരണത്താൽ യേശു മനുഷ്യവർഗത്തിന് മുഴുവൻ നേരിടാമായിരുന്ന നിത്യ മരണം ഒഴിവാക്കി. നമ്മുടെ ഓരോരുത്തരുടേയും ശിക്ഷ അവൻ സ്വന്ത ശരീരത്തിൽ ഏറ്റു വാങ്ങി. അത് ദൈവത്തിന് പ്രസാദകരമായ യാഗമായി തീർന്നു. യേശുക്രിസ്തു മരിച്ചവരിൽനിന്നു ഉയർത്തെഴുന്നേറ്റ് സ്വർഗാരോഹണം ചെയ്തതും ദൈവ ശക്തിയായിരുന്നു.

# കർത്താവിന്റെ പക്ഷത്തുള്ളത് ആർ?

## കാലേബ് കാമ്പൽ

ലോകത്തുള്ള ആളുകളെ ഭാഗിക്കുകയാണെങ്കിൽ കർത്താവിന്റെ വശത്തുള്ളവരും അല്ലാത്തവരും എന്നു തരം തിരിക്കാവുന്നതാണ്. ദൈവത്തിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നവരും അല്ലാത്തവരും. ദൈവത്തെ സ്വീകരിച്ചിരിക്കുന്നവരും അല്ലാത്തവരും. പഴയ നിയമ കാലത്തും പുതിയ നിയമകാലത്തും അത് വാസ്തവമാണ്. ദൈവത്തെ അനുസരിക്കാതിരുന്ന യിസ്രായേൽ ജനം മിസ്രയിമിൽ വളരെ കാലം അടിമകളായി കഴിയേണ്ടിവന്നു. എന്നാൽ ദൈവം അവരെ മോശെയുടെ നേതൃത്വത്തിൽ വിടുവിച്ചുകൊണ്ടുവരുമ്പോൾ സീനായ് പർവ്വതത്തിൽ വെച്ച് ദൈവം മോശെ മുഖാന്തരം യഹോവയുടെ കൽപനകൾ അട ങ്ങുന്ന കൽപലകൾ കൊടുത്തു. എന്നാൽ മോശെ കൽപലകകളുമായി ഇറങ്ങി വന്നപ്പോൾ കണ്ട കാഴ്ച്ച ദയനീയമായിരുന്നു. മോശെയെ ദൈവം പർവ്വതമുകളിലേക്ക് വിളിക്കുകയും അവൻ അവിടേക്ക് പോകുകയും ചെയ്തു. ജനങ്ങളോട് താഴെ കൂടാരമടിച്ച് പാർക്കുവാനായി അഹരോ നോടൊപ്പം ആക്കി. ദീർഘ നാളുകളായിട്ടും മോശെയെ കാണാതിരുന്ന യിസ്രായേൽ ജനം ക്ഷമ കെട്ട് അഹരോനോട് ഒരു ദേവനെ ഉണ്ടാക്കി കൊടുക്കുവാൻ ആവശ്യപ്പെട്ടു.

അഹരോൻ അവരുടെ സ്വർണ്ണമെല്ലാം കൊണ്ടുവരുവാൻ പറ യുകയും അവർ അത് അനുസരിച്ച് എല്ലാം അഹരോന്റെ കാൽക്കൽ കൊണ്ടു വെക്കുകയും ചെയ്തു. അഹരോൻ അവ ഉരുക്കി ഒരു കാളക്കുട്ടിയുടെ ബിംബം ഉണ്ടാക്കി. അപ്പോൾ ജനമെല്ലാം ഇത് തങ്ങളെ മിസ്രയിമിൽ നിന്നു കൊണ്ടുവന്ന ദൈവം എന്നു പറഞ്ഞു. അഹരോൻ അവിടെ ഒരു യാഗപീഠം പണിത് ഉൽസവം ആഘോ ഷിക്കുവാൻ തുടങ്ങി. ജനമെല്ലാം കാളക്കുട്ടിക്കു ചുറ്റും വലംവെച്ച് നൃത്തം ചവിട്ടി ആനന്ദിക്കുമ്പോഴായിരുന്നു മോശെ ഇറങ്ങി വന്ന ത്. നീ ഇറങ്ങി ചെല്ലുക. നിന്റെ ജനം തങ്ങളെ തന്നെ വഷളാക്കിയി രിക്കുന്നു എന്നു പറഞ്ഞു. ഞാൻ അവരോട് കൽപിച്ച വഴി വിട്ടു മാറി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി അതിന്നു യാഗം കഴിച്ചു. ദൈവത്തിനു വേണ്ടിയായാലും അവന്റെ ഇഷ്ടത്തിനു വിരുദ്ധമായി എന്തു ചെയ്താലും അത് അവനെ കോപിപ്പിക്കും എന്നത് സ്പഷ്ട

മാണ്. ഈ സംഭവത്തോട് മോശെ എങ്ങനെ പ്രതികരിച്ചു എന്നത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. "മോശെ പാളയത്തിന്റെ വാതിൽക്കൽ നിന്നുകൊണ്ട്, യഹോവയുടെ പക്ഷത്തിൽ ഉള്ളവൻ എന്റെ അടുക്കൽ വരട്ടെ എന്നു പറഞ്ഞു. എന്നാറെ ലേവ്യർ എല്ലാവരും അവന്റെ അടുക്കൽ വന്നുകൂടി. അവൻ അവരോട്, നിങ്ങൾ ഓരോരുത്തൻ താന്താന്റെ സഹോദരനെയും കൂട്ടുകാരനെയും, സ്നേഹിതനേയും കൊന്നുകളവിൻ എന്നു യിസ്രായേലിന്റെ ദൈവമായ യഹോവ കൽപിക്കുന്നു എന്നു പറഞ്ഞു (പുറപ്പാട് 32:26, 27).

അന്നു മോശയുടെ മുൻപിൽ സംഭവിച്ചതിനു സമാനമായ ആത്മിയമായ പാപമാണ് നമുക്ക് ചുറ്റും സംഭവിച്ചുകൊണ്ടിരിക്കുന്നത്. "നീതി ജാതിയെ ഉയർത്തുന്നു; പാപമോ ദേശത്തിന്ന് അപമാനം ആകുന്നു" (സദൃശവാക്യം 14:34). ദൈവത്തെ മറന്നുപോയ ജാതികളെ പോലെയാണ് ഇന്ന് സമൂഹങ്ങൾ. ദൈവഭയവും ദൈവഭക്തിയുമില്ലാത്ത വ്യക്തികളുടെ കൂട്ടമാണ്. അതു കാണുമ്പോൾ നമുക്ക് അവരോടുള്ള പ്രതികരണം എന്താണെന്നു ചിന്തിക്കുക. ഹോശെയാ പ്രവാചകന്റെ കാലത്ത് പ്രവാചകൻ പറയുന്നത് നോക്കുക: "യിസ്രായേൽ മക്കളേ യഹോവയുടെ വചനം കേൾപ്പിൻ; യഹോവക്ക് ദേശനിവാസികളോട് ഒരു വ്യവഹാരം ഉണ്ട്. ദേശത്ത് സത്യവുമില്ല, ദയയുമില്ല, ദൈവപരിജ്ഞാനവുമില്ല; അവർ ആണയിടുന്നു; ഭോഷ്ക്ക് പറയുന്നു; കുല ചെയ്യുന്നു; മോഷ്ടിക്കുന്നു; വ്യഭിചരിക്കുന്നു; വീട് മുറിക്കുന്നു; രക്തപാതകത്തോട് രക്തപാതകം കൂട്ടുന്നു; അതിലെ സകല നിവാസികളും വയലിലെ മൃഗങ്ങളും ആകാശത്തിലെ പറവകളും ക്ഷീണിച്ചു പോകുന്നു. സമുദ്രത്തിലെ മൽസ്യങ്ങളും ഇല്ലാതാകുന്നു" (ഹോശെയാ 4:1, 2). ഗർഭ ഛിദ്രം സാധാരണ സംഭവമായി മാറിയിരിക്കുന്നു. വിവാഹമോചനവും പുനർവിവാഹവും അതിവേഗത്തിൽ നടക്കുന്നു.സ്വവർഗരതി അംഗീകരിക്കപ്പെടുന്നു.

സ്വാർത്ഥത, ആത്മാർത്ഥതയില്ലായ്മ, അത്യാഗ്രഹം എന്നിവ ജോലിയുടെ ഒരു ഭാഗമായി മാറിയിരിക്കുന്നതായി കാണാം. മയക്ക് മരുന്നും മരുന്നുകളുടെ ദുരുപയോഗവും പരക്കെ നടക്കുന്നു. ദൈവത്തെ അന്വേഷിക്കുന്നവനില്ല. ദൈവത്തെ ആദരിക്കുകയോ ദൈവ വചനത്തെ ആരായുകയോ ചെയ്യുന്നവർ വളരെ വിരളമാണ്. ജനങ്ങളിൽ ബൈബിൾ പരിജ്ഞാനം കുറഞ്ഞു വരുന്നതിനാൽ പാപം സമൂഹത്തിൽ പെരുകുകയാണ്. പക്ഷെ മോശെയെയും

ലേവ്യരെയും പോലെ കുറെ പേർ ദൈവത്തിന്റെ കൽപനകൾക്ക് ചെവി കൊടുക്കുകയും അത് ആളുകളെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു എന്നത് പ്രശംസനീയമാണ്. ഈ ഇരുണ്ട യുഗത്തിൽ സുവിശേഷം എന്ന സത്യവെളിച്ചം പ്രകാശം വീശുവാനാണ് ക്രിസ്തു ലോകത്തുള്ള തന്റെ ശിഷ്യന്മാരോട് കൽപിച്ചിരിക്കുന്നത്. വാസ്തവത്തിലുള്ള അവന്റെ ശിഷ്യന്മാർ അത് നിർവ്വഹിക്കും (എഫെസ്യർ 5:6-11). പാപത്തെ വിട്ടുകളഞ്ഞു ദൈവനീതി നിറവേറ്റുവാൻ ഇന്നും പരിശ്രമിക്കുന്ന ക്രിസ്ത്യാനികളുള്ളത് അഭിമാനാർഹമാണ് (1 തിമൊഥെയൊസ് 6:11). അതിന് വിശ്വാസത്തിൽ ഉറപ്പും ധൈര്യവും ഉണ്ടായിരിക്കണം.

ഞാനും എന്റെ കുടുംബവും യഹോവയെ സേവിക്കും എന്നു യോശുവ പറഞ്ഞതുപോലെ കർത്താവിനെ കുടുംബമായി സേവിക്കുന്ന ക്രിസ്ത്യാനികൾ ഇന്നുമുള്ളത് ദൈവത്തിന് പ്രസാദകരമത്രെ. ഭക്തിയോടെ ക്രിസ്തുവിന്റെ വേല തുടരുന്ന കർത്താവിന്റെ സഭയുടെ ഇടവകകൾ ഇന്നുമുള്ളത് രക്ഷയുടെ വാതിൽ അടഞ്ഞിട്ടില്ല എന്നതിനുദാഹരണമാണ് (1 കൊരിന്ത്യർ 15:58). സ്നേഹത്തിൽ സത്യം സംസാരിക്കുന്ന ഉപദേഷ്ടാക്കന്മാർ ഇന്നുമുള്ളതിനാൽ ആളുകൾക്ക് സത്യം അറിയുവാനും സ്വതന്ത്ര്യം പ്രാപിപ്പാനും അവസരമുണ്ടെന്നുള്ള തെളിവാണ് (എഫെസ്യർ 4:15). വിശ്വസ്തരായി ആട്ടിൻകൂട്ടത്തെ മേയ്ക്കുന്ന ഇടയന്മാർ ഇന്നും കർത്താവിന്റെ സഭയിലുള്ളത് എത്ര ആശ്വാസകരമാണ്! കഠിന ഹൃദയരും പാപികളും നിറഞ്ഞ സമൂഹത്തിൽ വലഞ്ഞുപോയ നീതിമാനായ ലോത്തിനെ പോലെ വലയുന്നവർ ഇന്നുമുണ്ട്. ദൈവം അവരെ കാണുകയും രക്ഷിക്കുവാൻ വഴി ഒരുക്കുകയും ചെയ്യും. അവസാനത്തോളം സഹിച്ചു നിൽക്കുന്നവരുടേതായിരിക്കും വിജയം (1 കൊരിന്ത്യർ 15:57). ശരിയും തെറ്റും തമ്മിലുള്ള ഏറ്റമുട്ടൽ നടക്കുന്നു. സത്യവും അസത്യവും ഇടകലർന്നിരിക്കയാൽ സംഘർഷമുണ്ടാകുന്നു. ദൈവത്തിന്റെ രക്ഷയാണ് മനുഷ്യാത്മാക്കൾക്ക് ആവശ്യം.

നിങ്ങൾ കർത്താവിന്റെ പക്ഷത്താണോ എന്ന് ആലോചിക്കുക. അല്ലെങ്കിൽ ഇന്നു തന്നെ അവന്റെ കൽപനകൾ വിശ്വസിച്ച് അതനുസരിച്ച് വചനപ്രകാരം സ്നാനം ഏല്ക്കുകയാണ് വേണ്ടത്.

★

# കർത്താവേ ഞങ്ങൾ എവിടെ പോകും?

## ക്ലെം തർമാൻ

താൻ ചെയ്ത അടയാളങ്ങളും അത്ഭുതങ്ങളും നേരിൽ കണ്ട ജനസമൂഹം യേശുവിനെ അനുഗമിച്ചുകൊണ്ടേയിരുന്നു. അവൻ അഞ്ച് അപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചപ്പോൾ നിരവധി പേർ യേശുവിനെ അനുഗമിച്ചു. എന്നാൽ താൻ സ്വർഗത്തിൽ നിന്നു ഇറങ്ങി വന്ന ജീവനുള്ള അപ്പമാണെന്നും തന്റെ മാംസം തിന്നാതെയും തന്റെ രക്തം കുടിക്കാതെയുമിരിക്കുന്നവന് ജീവൻ ഇല്ല എന്നും പറഞ്ഞു പ്രസംഗിച്ചപ്പോൾ, ഇതു കഠിന വാക്ക്, ആർക്കു കേൾക്കുവാൻ കഴിയും എന്നു പറഞ്ഞു ശിഷ്യന്മാരൊഴിച്ച് മറ്റെല്ലാവരും പിൻവാങ്ങി പോയി. അപ്പോൾ കർത്താവ് ശിഷ്യന്മാരോട്, നിങ്ങൾക്കും പൊയ്ക്കൊൾവാൻ മനസുണ്ടോ എന്നു ചോദിച്ചതിന് മറുപടിയായി ശിമോൻ പത്രൊസ് കർത്താവിനോട് പറഞ്ഞ പ്രസ്താവന വളരെ പ്രാധാന്യമർഹിക്കുന്നതാണ്. നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട് പിന്നെ ഞങ്ങൾ ആരുടെ അടുക്കൽ പോകും? പിതാവിന്റെ ഇഷ്ടം പ്രസ്താവിപ്പാൻ വന്ന കർത്താവിന്റെ വചനങ്ങൾ വിശ്വസിച്ച് അനുസരിക്കുന്നവർക്ക് നിത്യജീവൻ ഉണ്ടെന്നാണ് അവൻ പറഞ്ഞത് (യോഹന്നാൻ 6:67, 68).

നമ്മൾ ദൈവം അയച്ച ക്രിസ്തുവിനെ അല്ലാതെ മറ്റൊരു ക്രിസ്തുവിനെ അന്വേഷിക്കണോ? യോഹന്നാൻ സ്നാപകൻ യേശു വരുന്നതു കണ്ട് പറഞ്ഞത്, ഇതാ ലോകത്തിന്റെ പാപം ചുമന്നൊഴിപ്പാൻ വന്ന ദൈവത്തിന്റെ കുഞ്ഞാട് എന്നാണ് (യോഹന്നാൻ 1:29). യോഹന്നാൻ തടവിലായിരുന്നപ്പോൾ ആളയച്ച് യേശുവിനോട് ചോദിച്ചത്, വരുവാനുള്ളവൻ നീയോ ഞങ്ങൾ മറ്റൊരുവനെ കാത്തിരിക്കയോ എന്നു ചോദിച്ചിരുന്നു (മത്തായി 11:3). ദൈവമോ തന്റെ ക്രിസ്തു കഷ്ടം അനുഭവിക്കും എന്നു സകല പ്രവാചകന്മാരും മുഖാന്തരം മുന്നറിയിച്ചത് ഇങ്ങനെ നിവർത്തിച്ചു (പ്രവൃത്തികൾ 3:18). അവനിൽ വിശ്വസിക്കുന്ന ഏവനും അവൻ മുഖാന്തരം പാപമോചനം ലഭിക്കുമെന്ന് എല്ലാ പ്രവാചകന്മാരും അപ്പൊസ്തലന്മാരും സാക്ഷ്യപ്പെടുത്തുന്നു (പ്രവൃത്തികൾ 10:43). അവനെ കുറിച്ച് എഴുതിയിരിക്കുന്നതെല്ലാം നിറവേറിയതായി അപ്പൊസ്തലന്മാർ തങ്ങളുടെ പ്രസംഗങ്ങളിലെല്ലാം സാക്ഷ്യപ്പെടുത്തി. ദൈവശ്വാസിയമായ

തിരുവെഴുത്തുകൾ അത് സ്ഥിരീകരിച്ചിരിക്കുന്നു. ഇനി വേറൊരു പ്രവാചകനായി നാം കാത്തിരിക്കേണ്ടതുണ്ടോ? ഇല്ല എന്നതാണ് ഉത്തരം. കാരണം സകല പ്രവചനങ്ങളും പൂർണ്ണമായി ദൈവം വെളിപ്പെടുത്തി കഴിഞ്ഞു. ഇനി വെളിപ്പെടുത്തുവാൻ ബാക്കി ഒന്നുമില്ല. "നിന്നെ പോലെ ഒരു പ്രവാചകനെ നിന്റെ സഹോദരന്മാർക്കിടയിൽനിന്ന് എഴുന്നേൽപിക്കുമെന്ന് യഹോവയായ ദൈവം മോശെയോട് പറഞ്ഞിരുന്നു" (ആവർത്തനപുസ്തകം 18:18, 19). അതനുസരിച്ചായിരുന്നു ദൈവം തന്റെ ഏകജാതനായ പുത്രനെ ലോകത്തിലേക്ക് അയച്ചത്.

ദൈവം പണ്ട് ഭാഗം ഭാഗം ആയിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിച്ചെയ്ത ശേഷം ഈ അന്ത്യകാലത്ത് തന്റെ മുത്രൻ മുഖാന്തരം നമ്മോട് സംസാരിക്കുന്നു. ദൈവം മനുഷ്യരോട് ആശയവിനിമയം ചെയ്യുന്നത് നേരിട്ടല്ല, തന്റെ പുത്രൻ മുഖാന്തരമാണ്. അത് വചനത്തിൽ രേഖപ്പെടുത്തിയുമിരിക്കുന്നു. അപ്പോൾ പിന്നെ മറ്റാരെയും നാം ശ്രദ്ധിക്കേണ്ട ആവശ്യമില്ല. യേശുവിന് മറുരൂപം ഉണ്ടായ മലയിലായിരുന്ന പത്രൊസിന് മൂന്നു കുടിലുകൾ ഉണ്ടാക്കുവാനുള്ള ആശയം ഉദിച്ചപ്പോൾ സ്വർഗത്തിൽനിന്ന് പിതാവായ ദൈവം അരുളിച്ചെയ്തത്, "ഇവൻ എന്റെ പ്രിയ പുത്രൻ ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. നിങ്ങൾ ഇവന്നു ചെവി കൊടുപ്പിൻ" (മത്തായി 17:5). കർത്താവായ യേശുക്രിസ്തു നമുക്ക് ഒരു സുവിശേഷം നൽകി. നാം ഇനി മറ്റൊരു സുവിശേഷം അന്വേഷിക്കേണ്ടതുണ്ടോ? ഇല്ല. അപ്പൊസ്തലനായ പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നത്. ഞങ്ങൾ അറിയിച്ച സുവിശേഷത്തിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗത്തിൽനിന്ന് ഒരു ദൂതനാകട്ടെ സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ എന്നാണ്(ഗലാത്യർ 1:6, 7). നമ്മുടെ രക്ഷക്കായി ആകാശത്തിൻ കീഴിൽ മനുഷ്യർക്കിടയിൽ യേശുവിന്റെ നാമമല്ലാതെ മറ്റൊരു നാമമില്ല (പ്രവൃത്തികൾ 4:12). കർത്താവ് ഏക സഭ സ്ഥാപിച്ചു (മത്തായി 16:18). ഇനി നാം മറ്റൊരു സഭ അന്വേഷിക്കേണമോ? ഒരിക്കലും അതിന്റെ ആവശ്യമില്ല കാരണം ആ സഭയിലേക്കാണ് രക്ഷിക്കപ്പെട്ടവരെ കർത്താവ് ചേർക്കുന്നത്.

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!